VIII അപരാഹ്ന സമ്മേളനം

58-ാം ചട്ടപ്രകാരമുള്ള ചർച്ച

സംസ്ഥാനത്ത് പനി പടർന്നു പിടിക്കുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സംസ്ഥാനത്ത് വിവിധ തരത്തിലുള്ള പനി വളരെ വ്യാപകമായിട്ടുള്ള നിലയിൽ നമ്മുടെ ജനങ്ങളെ ആക്രമിച്ചു കൊണ്ടിരിക്കുകയാണ്. നിയമസഭാ സമ്മേളനം ആരംഭിച്ച ജൂൺ മാസം 16-ാം തീയതി തന്നെ ഈ പ്രശ്നത്തെ സംബന്ധിച്ച്, ഡെങ്കിപ്പനി മൂലമുള്ള മരണത്തെ സംബന്ധിച്ച് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മന്ത്രി പറഞ്ഞത് മരണം 16 ആയി എന്നാണ്. 3 ദിവസം കഴിഞ്ഞപ്പോൾ അത് 51 ആയി ഉയർന്നു. അതിനുശേഷം ജൂൺ 30 ആയപ്പോഴേക്കും അത് 200 ആയി ഉയർന്നു. ഇപ്പോൾ അത് ഏതാണ്ട് 300 ആയി വർദ്ധിക്കുകയും അരുപത്തെണ്ണായിരത്തോളം രോഗികൾ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ് പത്ര റിപ്പോർട്ട്. എല്ലാ പത്രങ്ങളിലും വന്നിരിക്കുന്നത് ഈ കണക്ക് ആയതുകൊണ്ട് അത് തെറ്റാകാൻ ഇടയില്ല. ഇന്നത്തെ പത്രത്തിലും ഇരുപത്തൊന്ന് മരണമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിന്റെ സീരിയസ്നെസ് മനസ്സിലാക്കി കാര്യങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ എടുക്കുമെന്ന് വകുപ്പ് മന്ത്രിയോടൊപ്പം മുഖ്യമന്ത്രിയും പറയുകയും അടിയന്തിരമായി ക്യാബിനറ്റ് കൂടി നടപടികൾ സ്വീകരിക്കുന്നു എന്നു പറയുകയും ചെയ്തു. രണ്ടര കോടി രൂപ ഉടനെ തന്നെ റിലീസ് ചെയ്യുന്നു, വിവിധ ആശുപത്രികൾക്ക് മരുന്ന് എത്തിക്കുന്നു എന്നുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ആ പണം എത്തിയതായിട്ട് തോന്നുന്നില്ല. എത്തിക്കാണുമോ എന്ന് അറിഞ്ഞുകൂടാ. ഏതായാലും ആലപ്പുഴ മെഡിക്കൽകോളേജിലെ സ്റ്റോറുകളിൽ എന്നാണ് അവിടത്തെ ഒരു ഫാർമസി ഉദ്യോഗസ്ഥൻ എന്നോട് പറഞ്ഞത്. സാധാരണ സ്റ്റോറുകൾക്കും, ജില്ലാ മെഡിക്കൽ സ്റ്റോറുകൾക്കും ഒക്കെ പെട്ടെന്ന് മരുന്ന് അയക്കാറുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ ഇതുവരെയായിട്ടും കിട്ടിയിട്ടില്ല എന്നാണ് പറഞ്ഞത്. പൊതുവേയുള്ള സ്ഥിതി അങ്ങനെയാണെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ ആവശ്യമുള്ളത് ചെലവ് ചെയ്തുകൊള്ളൂ, സാങ്ഷൻ വാങ്ങിയിട്ട് ഇങ്ങോട്ട് അറിയിച്ചാൽ മതി എന്നുള്ള ഉത്തരവാണ് അവരുടെ മുന്നിലുള്ളത്. അതുപോലെ തന്നെ അടിയന്തിര സ്വഭാവത്തോടുകൂടി തീരുമാനം എടുത്ത് പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ടോ എന്നറിയില്ല. അന്വേഷിച്ചാൽ പല സ്ഥലങ്ങളിലും അവർക്കൊന്നും കിട്ടിയിട്ടില്ല എന്നുള്ള വിവരമാണു കിട്ടുന്നത് എന്നുമാത്രമല്ല അവരോട് പറഞ്ഞിരുന്നത് നിങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് നിങ്ങൾക്ക് ആവശ്യമായിട്ടുള്ള തുക ചെലവ് ചെയ്യാം, അതിനുശേഷം സാങ്ഷൻ തരാം എന്നാണ്. പ്ലാൻഫണ്ട് എന്നുള്ള നിലയിൽ മിക്ക മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും കയ്യിൽ വേറെ പണമില്ല. അപ്പോൾ സാധാരണക്കാരും പാവങ്ങളുമായിട്ടുള്ള ആളുകൾക്ക് മരണമല്ലാതെ മറ്റൊന്നും ഇല്ല. വളരെ ആപൽക്കരമായ ഉത്കണ്ഠാജനകമായ സ്ഥിതിയിലേക്ക് നമ്മുടെ നാട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സാർസ് എന്ന രോഗം ചൈനയിൽ വന്നപ്പോൾ 300 ഓളം ആളുകൾ മരിച്ചപ്പോൾത്തന്നെ അത് ലോക വ്യാപകമായി ഭീതി പരത്തുന്ന സ്ഥിതിയായി മാറി. ഏതാനും ആഴ്ചകൾക്കകം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ അവർ അതിനെ കൺട്രോൾ ചെയ്തു. അത്രയും വലിയ സുഖക്കേടാണ് ഈ ഡെങ്കിപ്പനിഎന്നു തോന്നുന്നില്ല. ഡെങ്കിപ്പനി വന്നു, എലിപ്പനി വന്നു, അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തു നിന്ന് ദൂരീകരിച്ച പനിയായ മലമ്പനിയും ഇടക്കിടക്ക് തിരിച്ച് വന്നുകൊണ്ടിരിക്കുകയാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ നിലയിൽ ആപൽക്കരമായ സ്ഥിതിയെ സംബന്ധിച്ച്, പകരുന്ന ഈ അണുക്കൾ ഏത് തരത്തിലുള്ളതാണെന്ന് മനസ്സിലാക്കാൻ നമ്മുടെ ഡോക്ടർമാർക്ക് കഴിഞ്ഞിട്ടില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ മെഡിക്കൽ വകുപ്പുമായിട്ട് ബന്ധപ്പെട്ട് ഇതിനെക്കുറിച്ച് സമർത്ഥമായി പഠിക്കാൻ കഴിയുന്ന, ഇതെല്ലാം വിശകലനം ചെയ്ത് രോഗാണുക്കളെ കണ്ടുപിടിച്ച് ഫലപ്രദമായിട്ടുള്ള ചികിൽസ നടത്താൻ കഴിയത്തക്ക തരത്തിൽ, എന്തെങ്കിലും പ്രത്യേക തരത്തിലുള്ള സംവിധാനം ഉണ്ടാക്കുകയോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ മെഡിക്കൽ വകുപ്പുമായിട്ട് ബന്ധപ്പെട്ട് അവരുടെ സഹായം തേടുകയോ ചെയ്തിട്ടുള്ളതായിട്ട് പത്രങ്ങളിൽ കാണുന്നില്ല. ആളുകൾ ഇങ്ങനെ മരിച്ചു കൊണ്ടിരിക്കുക, നമ്മൾ നമ്മുടെ കാര്യവും നോക്കി പോകുക എന്നുള്ള സ്ഥിതിയിലേക്ക്, തീരെ ശ്രദ്ധയില്ലാത്ത, പരിഗണന നൽകാത്ത സ്ഥിതിയിലേക്ക് ഈ കാര്യങ്ങൾ ഇങ്ങനെ പോകുകയാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതെല്ലാം ചെയ്യുന്നുണ്ടെന്നുള്ള തരത്തിലുള്ള മറുപടിയും കിട്ടുന്നു. ഒരു സംയമനത്തിനും ആശ്വാസത്തിനും ഇടയാകത്തക്ക രീതിയിൽ കാര്യങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അപ്പോഴപ്പോൾ കിട്ടിയിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഫലത്തിൽ ഇതൊന്നും തന്നെ നടന്നുകാണുന്നില്ല. എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് വളരെ സീരിയസായിട്ട്, ഈ രംഗത്ത് മെഡിക്കൽ വകുപ്പ് വളരെ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയുന്നില്ല, എന്നാൽ മെഡിക്കൽ വകുപ്പ് ഈ രംഗത്ത് വിജയിച്ചിട്ടില്ല എന്നു പറയാതിരിക്കാൻ സാധിക്കില്ല. ഉടനെ തന്നെ ഇതിനൊരു പരിഹാരം കാണുന്നതിനുവേണ്ടി നമ്മൾ ഒരുമിച്ച് നിൽക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ വിജയിച്ചില്ല എന്നു പറഞ്ഞത്. നമുക്ക് ഒന്നുകൊണ്ടും ആശ്വസിക്കാൻ കഴിയുന്നതല്ല സ്ഥിതി. ഓരോ പഞ്ചായത്തിലും ശുചീകരണ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശിവരാജന്റെ നേതൃത്വത്തിൽ ഉൽസാഹപൂർവ്വമായ സമീപനങ്ങൾ ആ പഞ്ചായത്തിലാകെ നടത്തിയതിന്റെ ഫലമായി ആ പഞ്ചായത്തിൽ ഒരാൾക്കുപോലും അസുഖം ഉണ്ടാകുകയോ, മരണം ഉണ്ടാവുകയോ ചെയ്തിട്ടില്ല എന്നുള്ളത് മനസ്സിലാക്കാൻ കഴിഞ്ഞു. ഇതുപോലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ വലിയ വ്യത്യാസം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുകാണുന്നു. ആ നിലക്ക് ജനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും അതുപോലെ സഹകരണ സ്ഥാപനങ്ങളേയുമെല്ലാം അണി നിരത്തി അടിയന്തിര സ്വഭാവത്തോടുകൂടി ഇതിനെ കാണുന്നതിനുള്ള പ്രവർത്തനം ഉണ്ടാകണം. അതുപോലെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും, ആശുപത്രികളുടെ ഭാഗത്തു നിന്നും, മരുന്നുകൾ എത്തിക്കുന്നതിനുവേണ്ടിയും സഹായം എത്തിക്കുന്നതിനു വേണ്ടിയുമുള്ള ശ്രമം ഉണ്ടാകണം. ഈ കാര്യത്തിൽ വളരെ ജാഗ്രതയോടുകൂടിയുള്ള ഒരു നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ പ്രമേയത്തിന്റെ സാരാംശം. അത് ഞാൻ ഇവിടെ വ്യക്തമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ : സർ, വളരെ ഗൗരവവും ഗുരുതരവുമായ പ്രശ്നം ആയതുകൊണ്ടാണല്ലോ ഇന്ന് അടിയന്തിരമായി ഇവിടെ സഭ സമ്മേളിച്ചു കൊണ്ട് ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നത്. കുറേ ദിവസങ്ങളായിട്ട് ഡെങ്കിപ്പനി മൂലം ആയിരക്കണക്കിനാളുകളെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. വളരെ ഗൗരവമായിത്തന്നെ ഇതിനെ കണ്ടുകൊണ്ട് മുന്നോട്ട് പോകാൻ കഴിഞ്ഞില്ലെങ്കിൽ ഇന്നത്തേക്കാൾ ഗുരുതരമായ അവസ്ഥയിലേക്ക് കാര്യങ്ങൾ പോകും എന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് തീർച്ചയായും ഈ സഭ സമ്മേളിച്ചുകൊണ്ട് ഇത്തരം ചർച്ച നടത്തുന്നത് ഗൗരവമായിട്ടുള്ള കാര്യമാണ് എന്നുള്ളതിൽ തർക്കമില്ല. ഈ ഗൗരവം താഴെ തട്ടിലേക്കും പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, അതുപോലെ ബ്ളോക്ക് പഞ്ചായത്തുകളുമൊക്കെ ജനപ്രതിനിധികൾ കൂടിയിരുന്നുകൊണ്ട് വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്ത് കൊതുക് നശീകരണത്തിനാവശ്യമായ കാര്യങ്ങൾ വളരെ ശക്തമായ രീതിയിൽ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1960-70 കാലഘട്ടത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ കൊതുക് നശീകരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വളരെ ശക്തമായി കേരളത്തിൽ നടന്നതായി വായിച്ചറിവുണ്ട്. ആ രീതിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ജനപ്രതിനിധികളും മറ്റ് ഉദ്യോഗസ്ഥന്മാരും ഒരുമിച്ചു ചേർന്നുകൊണ്ട് കൊതുകു നശീകരണത്തിനു കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പരമപ്രധാനമായ കാര്യം അതാണ്. കഴിഞ്ഞ വർഷം വണ്ടൂർ, നിലമ്പൂർ ഭാഗങ്ങളിൽ ഡെങ്കിപ്പനി ഉണ്ടായപ്പോൾ അന്ന് ഡി.എം.ഒ.യുമായി ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞത് ഇതിന്റെ ഗൗരവാവസ്ഥ ജനങ്ങളെ പൂർണ്ണമായി ബോദ്ധ്യപ്പെടുത്തിയിട്ടില്ല, ബോദ്ധ്യപ്പെടുത്തിയാൽ അവർക്ക് ആശങ്കയും ഭീതിയും ഉണ്ടാകുമെന്നാണ്. പക്ഷെ, ഇന്നത്തെ അവസ്ഥ, ഇത്രമാത്രം പനിയും മരണങ്ങളും, ഒക്കെ വ്യാപകമായിട്ടും ജനങ്ങൾക്ക് ആശങ്കയോ ഭീതിയോ ഇല്ല എന്നുള്ള കാര്യമാണ്. വളരെ ഗൗരവത്തോടുകൂടി ജനങ്ങളെ ഇതു പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയില്ലെങ്കിൽ വളരെ ലാഘവത്തോടുകൂടി ഇതിനെ കാണുകയും തീർച്ചയായും സഭ സമ്മേളിച്ച് എത്ര ചർച്ച ചെയ്താലും കാര്യമില്ലാത്ത അവസ്ഥ വരികയും ചെയ്യും. അതുകൊണ്ട് ഇതിന്റെ ഗൗരവാവസ്ഥ ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. അത്തായത് കൊതുകു നിവാരണത്തിനാവശ്യമായ പല കാര്യങ്ങളും ഇന്ന് അപര്യാപ്തമാണ്. National Anti Malaria Programme നമ്മുടെ നാട്ടിൽ നിലവിലുണ്ട്. അതിൽ ഉൾപ്പെടുത്തിയാൽ 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് മലേറിയയ്ക്കെതിരായിട്ടുള്ള ആ പ്രോഗ്രാമിൽ ഡെങ്കിപ്പനിയേയും ഉൾപ്പെടുത്തിക്കൊണ്ട് ഇത് 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്ന ഒരു സാഹചര്യമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ഇന്ത്യയിൽ ആദ്യമായിട്ടല്ല, 1965-നുശേഷം 65 തവണ ഇതുണ്ടായിട്ടുണ്ട്. കേരളത്തിൽ 1996-ലാണ് ഇത് ആരംഭിച്ചത്. ഏറ്റവും ഭീകരമായ അവസ്ഥ എന്നുപറയുന്നത്. ഇത് ആരംഭിക്കുമ്പോൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തത് വളരെ ചുരുക്കം കേസുകളാണ്.. പക്ഷെ, ഇന്ന് വർഷങ്ങൾ കൊണ്ട് വലിയ മാറ്റങ്ങൾ വന്നുകഴിഞ്ഞു. 2003-ൽ അതിഭീകരമായ അവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഈ രീതിയിൽ മുന്നോട്ടു പോയാൽ ഇനിയുള്ള വർഷങ്ങളിൽ ഇത് കൂടുമെന്നുള്ളതുകൊണ്ട് ഇതിനെതിരെ ശക്തമായ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സഭയിൽ ഇങ്ങനെ ഒരു ചർച്ചയ്ക്ക് വിഷയമാകാൻ ഇടയായിട്ടുള്ളതുതന്നെ നമ്മുടെ കേരളത്തെ ബാധിച്ചിരിക്കുന്ന അതീവ ഗുരുതരമായ അവസ്ഥയുടെ അടിസ്ഥാനത്തിലാണ്. വളരെ ഗൗരവമായ വിഷയമായതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെട്ട് ഇതിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ആവശ്യപ്പെടുകയുണ്ടായി. മുമ്പൊക്കെ കൊതുകുമൂലം പകരുന്ന രോഗം മലമ്പനിയും മന്തുമായിരുന്നുവെങ്കിൽ ഇന്നിപ്പോൾ അത് ഡെങ്കിപ്പനിയും ജപ്പാൻ ജ്വരവും ആയി വ്യാപകമായി കൊണ്ടിരിക്കുകയാണ്. കൊതുകിനെ സംബന്ധിച്ചിടത്തോളം എ.പി.എൽ. ഫാമിലിയെന്നോ, ബി.പി.എൽ ഫാമിലിയെന്നോ ഇല്ല. ചികിൽസിച്ചു കൊണ്ടിരിക്കുന്ന ഡോക്ടർമാരെയടക്കം ഈ മാരകരോഗം ബാധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് അടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വളരെയേറെ ഭീതിയും ഉത്ക്കണ്ഠയും ഉണ്ടാക്കുന്ന ഒരു അവസ്ഥ കേരളത്തിലുണ്ടായിട്ടുണ്ട്. പല ജില്ലകളിലും കൂട്ടമരണം നടക്കുകയാണ്. നേരത്തെ അതിന്റെ കണക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. ഈ രീതിയിൽ നമ്മുടെ കേരളം പകർച്ചവ്യാധിയുടെ കേന്ദ്രമായി മാറുന്നുവെന്നുള്ളത് അത്യന്തം അപമാനകരമായ കാര്യമാണ്. കാരണം പത്ത് മുപ്പത്താറു വർഷം മുമ്പ്തന്നെ കൊതുകുമൂലം പകരുന്ന മലമ്പനി നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. ആരോഗ്യരംഗത്താണെങ്കിൽ മറ്റ് ഏതു സംസ്ഥാനത്തെക്കാളും മികച്ച നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. ഇത്തരത്തിലുള്ള വൃത്തികെട്ട രോഗങ്ങൾ സംസ്ഥാനത്ത് സർവ്വ ജനങ്ങളേയും ഒരുപോലെ ബാധിക്കത്തക്കവിധത്തിൽ പെരുകാൻ ഇടയായത് ഒന്നാമത് മാലിന്യ നിർമ്മാർജ്ജന പരിപാടികൾ സ്തംഭിച്ചു പോയതുകൊണ്ടാണ്. കഴിഞ്ഞ ഒന്ന്, ഒന്നര വർഷക്കാലമായി നഗരങ്ങളിലും ഗ്രാമങ്ങളിലും പ്രത്യേകിച്ച് തൃശൂർ മെഡിക്കൽ കോളേജിനെ സംബന്ധിച്ചെല്ലാം ഈ സഭയിൽത്തന്നെ ചർച്ച ചെയ്യപ്പെട്ടത് ഞാൻ ഓർക്കുകയാണ്. ആശുപത്രികൾ തന്നെ മാലിന്യക്കൂമ്പാരമായിട്ട് മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. പലപ്രദേശങ്ങളിലും മാലിന്യനിർമ്മാർജ്ജനം നടക്കുന്നില്ല. എന്നാൽ രണ്ട് മൂന്ന് വർഷം മുമ്പ് 1999-2000-ലെ മാലിന്യ നിർമ്മാർജ്ജന പരിപാടിയുമായി ബന്ധപ്പെട്ടുകൊണ്ട് അന്നത്തെ ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി ഒരു പരിപാടിക്ക് നേതൃത്വം കൊടുത്തിരുന്നു. കഴിഞ്ഞ 2 വർഷമായിട്ട് ആ പരിപാടി നടക്കുന്നില്ല. അടിയന്തിരമായി മാലിന്യ നിർമ്മാർജ്ജന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ചെയ്യണം. ഇവിടെ കഴിഞ്ഞ പ്രാവശ്യം സബ്മിഷൻ ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷ നേതാവ് പഞ്ചായത്തുകൾക്ക് പണം കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അത് കൊടുത്തിട്ടില്ല. ഓരോ മന്ത്രിയും ചുമതലയെടുത്തുകൊണ്ട് ഓരോ ജില്ലയ്ക്കകത്തും ജനപ്രതിനിധികളെ വിളിച്ചുചേർത്ത് യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെയൊന്നും ഉണ്ടായില്ല. ജനങ്ങളുടെ ആരോഗ്യ പ്രശ്നമാണെന്നും എത്രയും അടിയന്തിരമായി ഇടപെടണമെന്നും സബ്മിഷനിലൂടെ അഭ്യർത്ഥിച്ചിട്ടുപോലും ഗവൺമെന്റ് യാതൊരു നടപടികളും സ്വീകരിക്കാത്തതിന്റെ ഫലമായി പകർച്ച വ്യാധികൾ വ്യാപിക്കുകയാണുണ്ടായത്. അന്ന് തന്നെ ഉത്തരം പറയുന്ന

സനദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും അലംഭാവ പൂർണ്ണമായ സമീപനമായിരുന്നു ഉണ്ടായിരുന്നത്. ഈ അലംഭാവവും നിരുത്തരവാദിത്വവും കഴിഞ്ഞ കുറേ ദിവസങ്ങളായി കാണാൻ സാധിക്കുന്നു. എറണാകുളത്ത് ഈ വിഷയത്തിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം വിളിച്ചുചേർത്തപ്പോൾ ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ പങ്കെടുത്തില്ല. ഇത് നിരുത്തരവാദിത്വത്തിന്റേയും അലംഭാവത്തിന്റേയും ഉദാഹരണമല്ലേ. രോഗം വന്നാൽ ചികിത്സിക്കാൻ പോകേണ്ടുന്ന ആശുപത്രിയെ സംബന്ധിച്ചിടത്തോളം പ്രൈമറി ഹെൽത്ത് സെന്ററിന്റെയൊക്കെ അവസ്ഥ എന്താണ്. ഐ.പി. പ്രവർത്തിക്കുന്നില്ല. മരുന്നില്ല. ഡോക്ടർമാരില്ല. എങ്ങനെയാണ് രോഗികൾ അവിടെ കടന്നുപോകുന്നത്. കണ്ണൂർ ജില്ലയിൽ സി.പി.എം.ന്റെ നേതൃത്വത്തിൽ ആണ് മെഡിക്കൽ ക്യാമ്പുകൾ നടന്നതെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ എം.എൽ.എ. ഇവിടെ പറയുകയുണ്ടായി. കണ്ണൂർ ജില്ലയിൽ പേരാവൂരിലും മറ്റും പകർച്ച വ്യാധികൾ ഉണ്ടായി നിരവധി മരണങ്ങൾ ഉണ്ടായപ്പോൾ ഗവൺമെന്റ് നടപടികൾക്കു കാത്തു നില്ക്കാതെയാണ് സി.പി.എം. മെഡിക്കൽ ക്യാമ്പുകൾ നടത്തിയത്. റാന്നിയിലെ ഒരു താലൂക്കിൽ മാത്രം 13 പേർ മരിച്ചു. വിലപ്പെട്ട മനുഷ്യ ജീവൻകൊണ്ട് പന്താടുന്നത് അവസാനിപ്പിച്ച്, യുദ്ധകാലാടിസ്ഥാനത്തിൽ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നേതൃത്വം കൊടുത്തുകൊണ്ട് ഈ രോഗത്തിന് പരിഹാരം കാണാൻ ഇനിയെങ്കിലും അത്യാവശ്യമായ രീതിയിൽ പ്രതിരോധകാര്യങ്ങൾ ചെയ്യണം. അടിയന്തിര പ്രാധാന്യമായി ചികിൽസ കൊടുക്കണം. രോഗ നിവാരണത്തിന് അടിയന്തിര നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഗുരുതരമായ ഒരു സാഹചര്യത്തെ കുറിച്ച് ഈ സഭ ചർച്ച ചെയ്യുകയാണ്. ഇത് ഇന്നുമാത്രം ഉണ്ടായതല്ലായെന്ന് ഇവിടെ സൂചിപ്പിക്കപ്പെടുകയുണ്ടായി. ആരോഗ്യ മേഖലയിൽ ഏറ്റവും ശുഷ്കാന്തി കാണിക്കുന്ന സംസ്ഥാനമെന്ന നിലയിൽ സാംക്രമിക രോഗങ്ങളുടെ കടന്നാക്രമണങ്ങളെ ഏറ്റവും ശക്തമായി ചെറുക്കാൻ കഴിഞ്ഞിരുന്ന സംസ്ഥാനമാണിത്. പക്ഷെ, എങ്കിലും ഇടയ്ക്കിടയ്ക്ക് ഇല്ലായ്മ ചെയ്തുവെന്ന് പറയുന്ന രോഗങ്ങൾ വന്നുകൊണ്ടിരിക്കുന്നു. 1996-ലാണ് ആദ്യമായിട്ട് ഇത്തരം രോഗത്തിന്റെ വരവ്. ജപ്പാൻ ജ്വരം എന്ന പേരിൽ ആലപ്പുഴയിലാകെ വീശിയടിച്ച സാംക്രമിക രോഗത്തിന്റെ സ്വഭാവമുണ്ടായത് 1996-ലാണ്. വർഷങ്ങൾക്കുശേഷം കോളറായും വന്നു. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 96-ഓളം പേർ മരിക്കാനിടയായി. അന്ന് ഗവൺമെന്റിൽ നമ്മൾ ശക്തമായി സമ്മർദ്ദം ചെലുത്തിക്കൊണ്ട് തീരുമാനിച്ചതാണ് ഈ രോഗം വരുമ്പോൾ ചികിൽസിക്കുക എന്ന നമ്മുടെ രീതി നിർത്തിക്കൊണ്ട് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, യഥാർത്ഥ രീതിയിൽ രോഗനിർണ്ണയം നടത്തുക തുടങ്ങിയ കാര്യങ്ങൾ. ഈ രണ്ടു കാര്യങ്ങളാണ് നമുക്ക് അനിവാര്യമായിട്ടുള്ളത്. രോഗപ്രതിരോധ ശക്തി ശക്തിപ്പെടുത്താൻ ത്രിതല പഞ്ചായത്തുകൾക്ക് കാര്യമായ പങ്ക് വഹിക്കാൻ കഴിയും. കേരളീയർ ഏറ്റവും കൂടുതൽ ശുചിത്വമുള്ളവരെന്നാണ് വയ്പ്. നമ്മുടെയൊക്കെ വീടുകളുടെ പരിസരം ശുചിയാക്കുന്ന കാര്യത്തിൽ കേരളീയർ വളരെ പിന്നോക്കത്തിലാണ്. അത് മാറ്റിയെടുക്കാൻ ഒരു ഡ്രൈവ് തന്നെ വേണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഈ രോഗമുണ്ടായാൽ ഡെങ്കിപ്പനിയാണോ സാധാരണ പനിയാണോ വൈറൽ പനിയാണോ എന്ന് നിർണ്ണയിക്കാൻ രണ്ടാഴ്ചയും മൂന്നാഴ്ചയും കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. ആലപ്പുഴയിൽ ഉണ്ടാക്കിയിരുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (പൂനാ മോഡൽ ഇൻസ്റ്റിറ്റ്യൂട്ട്) 16 കോടി രൂപയുടെ പ്രോജക്ടാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരികയും നിർഭാഗ്യവശാൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് എന്നുള്ള ആശയം തന്നെ ഉപേക്ഷിക്കപ്പെട്ട് മെഡിക്കൽ കോളേജിന്റെ മൂലയിൽ ഒരു ലാബാക്കി മാറ്റി എടുക്കുകയും ചെയ്തു. ഞാൻ ഈ നിയമസഭയിൽ അപ്പുറത്തിരുന്നുകൊണ്ട് ദീർഘകാലം ഈ പ്രശ്നങ്ങൾ മുന്നോട്ടു കൊണ്ടുപോയ ആളാണ്. 1996-ലെ ഗവൺമെന്റിന്റെ ആശയം പിന്നീടു വന്ന ഗവണമെന്റ് ഉപേക്ഷിക്കുകയാണുണ്ടായത്. ചേർത്തലയിലെ മന്തുരോഗ ഗവേഷണ കേന്ദ്രം, കേന്ദ്ര ഗവൺമെന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ചപ്പോൾ 28-ഓളം വരുന്ന ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥന്മാരെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ശബളം കൊടുത്തുകൊണ്ട് ജോലിയില്ലാതെ നിർത്തിയിരിക്കുകയാണ്. ഞങ്ങൾക്ക് ജോലിയില്ല ശബളം മാത്രമേയുള്ളുവെന്നാണ് അവർ പറയുന്നത്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും രോഗം നിർണ്ണയിക്കാൻ അവശ്യം വരുമ്പോൾ നമുക്ക് പൂനയിലേക്കോ മദ്രാസിലേക്കോ, പോണ്ടിച്ചേരിയിലേക്കോ ബോംബെയിലേക്കോ പോകേണ്ട സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യം നേരിടാൻ ഗവൺമെന്റ് ഇടപെടണം. ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നന്നാക്കി എടുക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അപ്പുറത്തുനിന്നും ശ്രീമതി ടീച്ചർ പറഞ്ഞു. ഇതിനെ രാഷ്ട്രീയ കണ്ണോടെ കാണേണ്ടതില്ല. എ. കെ. ആന്റണി ഗവൺമെന്റ് ഉള്ളതുകൊണ്ട് പനി കേരളത്തിലേക്ക് വന്നതല്ല. 1996-ൽ ഇവിടെ എപ്പിഡമിക് വന്നപ്പോൾ അന്നുതന്നെ പറഞ്ഞതാണ് ആറുവർഷം കഴിയുമ്പോൾ ഇത് റിപ്പീറ്റുചെയ്യുമെന്ന്. അങ്ങനെയാണ് എപ്പിഡമിക്കിന്റെ സ്വഭാവം. അതുകൊണ്ട് ദീർഘവീക്ഷണമാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ കഴിഞ്ഞ കാലഘട്ടത്തിലെ ഗവൺമെന്റ് ഒന്നും ചെയ്തില്ല. രോഗം ഉണ്ടാകുമ്പോൾ ചികിൽസ നിർണ്ണയിക്കുക എന്നതുമാത്രമായിരുന്നു. ഇതു മാറ്റണം. കേരളത്തെ സാംക്രമിക രോഗങ്ങളിൽനിന്ന് രക്ഷപ്പെടുത്താൻവേണ്ടി ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കണം. അതിന് എറ്റവും പ്രധാനപ്പെട്ടത് ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പൂനാ മോഡൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന ആശയത്തിലേക്ക് കൊണ്ടുവരണം. ആ ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, 50 ലക്ഷംരൂപകൊണ്ട് യാതൊരുകാര്യവുമില്ല. 16 കോടിരൂപ കണ്ടെത്താനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം. മരുന്നുകൾക്ക് ക്ഷാമമുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു, മുരുന്നുകളുടെ ക്ഷാമം വ്യാപകമായിട്ടുണ്ട്. അത് പർച്ചേസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഗവൺമെന്റ് അനുമതി കൊടുത്ത് ആവശ്യമായ മരുന്ന് എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്. പക്ഷെ ഇത് പ്രചരണപരമായി താഴേ തട്ടിൽ എത്തിക്കുന്നതിനുവേണ്ടി നമ്മളെല്ലാം ഒന്നിച്ച് ഇറങ്ങണം. ഇത് ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്വമാണ്, അല്ലെങ്കിൽ ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയുടെ മാത്രം ഉത്തരവാദിത്വമാണ്, ഞങ്ങൾക്കൊന്നും ഉത്തരവാദിത്വം ഇല്ലെന്നുപറഞ്ഞാൽ പനി മാറില്ല. പനിയെ നിയന്ത്രിക്കുന്നതിനുവേണ്ടി ശുചിത്വപൂർണ്ണമായ കേരളത്തെ നമുക്ക് സൃഷ്ടിക്കുവാൻ കഴിയണം. ക്ളീൻ കേരളാ ഡ്രൈവ്. നമ്മുടെ മണ്ഡലങ്ങളിലെ പഞ്ചായത്തുകളെ വില്ലേജുകളെ ഒക്കെ പങ്കെടുപ്പിച്ചുകൊണ്ട് ഈ പ്രശ്നത്തെ നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിൽ ഇത് ഇനി വരാതിരിക്കുവാനുള്ള, ആരോഗ്യരംഗം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനുള്ള ശ്രമങ്ങൾ തന്നെ അടിയന്തിരമായി തുടരണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, നിരവധി ആളുകൾ മരിക്കുകയും നിരവധി ആളുകൾ ആശുപത്രിയിൽ അഭയം പ്രാപിക്കുകയും ചെയ്തിരിക്കുന്ന പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്തുകൊണ്ടാണ് ഒരു ചർച്ച് ഇന്ന് ഇവിടെ നടക്കുന്നത്. ഇത് റിപ്പോർട്ടു ചെയ്തുവന്നപ്പോൾ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ ഇടപെടുകയും അവ നിയന്ത്രിക്കുന്നതിന് ആവുന്നത്ര നടപടികൾ സ്വീകരിക്കുകയുംചെയ്തു. പൂർണ്ണമായും ഫലമായിയെന്ന് നമുക്ക് പറയുവാൻ കഴിയില്ല. കാരണം ഇവിടെ സൂചിപ്പിച്ചതുപോലെ 1996-ൽ റിപ്പോർട്ട് ചെയ്ത കാലംമുതൽ ഇങ്ങോട്ടുള്ള ഓരോ വർഷവും ഇതു കൂടിക്കൂടി വരുന്നു എന്നുള്ളതുകൊണ്ട് പ്രതിരോധ നടപടികൾ കുറേക്കൂടി ഫലപ്രദമായി നടത്താൻ കഴിയണമെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ആരോഗ്യ പരിപാലന രംഗത്ത് വളരെ മുന്നോട്ടുപോയി, ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക കാണിക്കുവാൻ കഴിഞ്ഞ സംസ്ഥാനം എന്നൊക്കെ ഖ്യാതി നേടിയിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് ഈ രംഗത്ത് പുറകോട്ടുപോകുന്നു എന്നുള്ളത് നമ്മൾ ഗൗരവപൂർവ്വം കാണേണ്ട കാര്യമാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. നാട് കടത്തപ്പെട്ടുവെന്ന് നാം വിചാരിച്ചിരുന്ന പല സാംക്രമിക രോഗങ്ങളും വീണ്ടും തിരിച്ചുവരുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. ആ നിലയ്ക്ക് ഇതിനെ ഗൗരവമായി കാണണം. ഇതിന്റെ അടിസ്ഥാന കാരണം മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ടതാണ്. ശുചിത്വം ഇല്ലായ്മയാണ് ഈ രോഗം പടർത്തുന്നത്. കൊതുകുകൾ വളരാൻ ഇടയാകുന്ന സാഹചര്യം ഉണ്ടാകുന്നു എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. അത് മനസ്സിലാക്കിക്കൊണ്ട് കൊതുക് നിർമ്മാർജനത്തിനുവേണ്ടിയുള്ള, മാലിന്യ നിർമ്മാർജനത്തിനുവേണ്ടിയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുവാൻ കഴിയണം. ഇത് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു മാത്രമായി ചെയ്യാൻ കഴിയില്ല. ഓരോ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും യോജിപ്പിച്ചുകൊണ്ട് മാലിന്യ നിർമ്മാർജനത്തിനുവേണ്ടിയുള്ള നടപടികൾ ഫലപ്രദമായി സ്വീകരിക്കുവാൻ കഴിയണം. ജനങ്ങളുടെ മുഴുവൻ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മാലിന്യ നിർമ്മാർജനം നടപ്പാക്കി ഇത് നിയന്ത്രിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. പി. ടി. തോമസ് : സർ, ഇങ്ങനെ ഒരു ചർച്ച സംഘടിപ്പിച്ച അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഏറ്റവും ഗുരുതരമായ ഒരു പ്രശ്നത്തിലേക്ക് കേരളത്തിന്റെ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുവാൻ ഇത് ഉപകരിക്കും. ഡെങ്കിപ്പനി രണ്ടു തരത്തിലുണ്ട്. ഡെങ്കിപ്പനിയും ഡെങ്കി സ്രാവാ പനിയുമാണ്. സ്രാവാ പനിയാണ് അവ. സ്രാവാ കൂടുതൽ ഗുരുതരം. ഇതിന് യാതൊരു മരുന്നും ലോകത്ത് ഒരിടത്തും കണ്ടുപിടിച്ചിട്ടില്ല. പാരസെറ്റമോൾ മാത്രമാണ് ഇതിന് ഒരാശ്വാസം എന്ന നിലയിലുള്ളത്. സീസൺ മാറുന്നതനുസരിച്ച് മുൻകരുതൽ

പ്രതിരോധ നടപടികൾ സ്വീകരിച്ചുമാത്രമേ നമുക്ക് ഇതിനെ നേരിടാൻ കഴിയൂ. കേരളത്തിലെ അഞ്ചു മെഡിക്കൽ കോളേജുകളുടെയും പതിനെട്ട് ആശുപത്രികളുടെയും നിയന്ത്രണം ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്കും കേരളത്തിലെ ആരോഗ്യ വകുപ്പിനുമുണ്ട്. ബാക്കി ആശുപത്രികളെല്ലാം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. ആശുപത്രികളുടെ നിയന്ത്രണം മാത്രമേ അവർക്ക് കൊടുത്തിട്ടുള്ളൂ. സ്റ്റാഫിനെ മാറ്റുന്നതുൾപ്പെടെയുള്ള ഒരധികാരവും കൊടുത്തിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാഫിനെ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള അധികാരം വിട്ടുകൊടുക്കണം. പനി തടയാൻ ജനങ്ങളെ സാക്ഷരരാക്കുക അല്ലാതെ ഇതിന് വേറെ പ്രതിരോധ നടപടികളൊന്നുമില്ല. നമ്മുടെ വീട്ടമ്മമാരെ സാക്ഷരരാക്കുവാൻ പ്രത്യേക നടപടി വേണം. ഏഴ് ദിവസംകൊണ്ട് ഒരു കൊതുക് നൂറ് കൊതുകായി പെരുകുമെന്നാണ് കണ്ടുപിടിക്കപ്പെട്ടത്. ഞാൻ രണ്ടുമൂന്ന് നിർദ്ദേശങ്ങൾ വയ്ക്കുകയാണ്. കേരളം മുഴുവൻ ഒറ്റ ദിവസം ക്ലീനിംഗ് നടത്താൻ നടപടി സ്വീകരിക്കണം. "കേരളാ ക്ലീനിംഗ് ഡേ" പ്രഖ്യാപിക്കണം. അതിൽ വിദ്യാർത്ഥികളും ജനപ്രതിനിധികളായ നമ്മളും ഉൾപ്പെടെയുള്ള മുഴുവൻ ആളുകളെയും ഉൾപ്പെടുത്തി കേരളത്തിൽ ഒരു ദിവസം മുഴുവൻ ക്ലീനിംഗിനായി പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. മറ്റൊന്ന് 2500 പേർക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വീതം കേരളത്തിലുണ്ട്. അവരെ മുഴുവൻ ഫീൽഡിലിറക്കിയാൽത്തന്നെ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയും. ആയിരക്കണക്കിന് ലക്ഷക്കണക്കിന് കുടുംബശ്രീ യൂണിറ്റുകളുണ്ട്. അവരെ മുഴുവൻ ഈ രംഗത്ത് ഇറക്കുവാൻ നമുക്ക് കഴിയണം. കോളേജ് വിദ്യാർത്ഥികൾ, സ്കൂൾ വിദ്യാർത്ഥികൾ, എൻ.എസ്.എസ്., എൻ.ജി.ഒ. തുടങ്ങിയവരെ ഈ രംഗത്ത് ഇറക്കണം. ഒരു ദുഃഖകരമായ കാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നത്, പതിനയ്യായിരത്തോളം വരുന്ന ഐ.എം.എ. കേരളത്തിലെ ഡോക്ടർമാരുടെ സംഘടനയാണ് ഇതുവരെ ഒരു കോൺഫറൻസ് എം.എൽ.എ.-യെ പങ്കെടുപ്പിച്ചുകൊണ്ട് സർക്കാർ വിളിച്ചുകൂട്ടിയിട്ടില്ല. ഒരു ഹൈ ലെവൽ, സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കുവാൻ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുകയാണ്. ഒരുകാര്യംകൂടി പറയട്ടെ, കേരളത്തിലെ പ്രൈവറ്റ് ആശുപത്രികളിലെ ഡോക്ടർമാരെ ഇതുമായി ബന്ധപ്പെടുത്തി വിശ്വാസത്തിലെടുക്കണം. കേരളത്തിൽ പനിസെൽ രൂപീകരിക്കണം. പനി സംബന്ധിച്ച് ഒരു വാർത്ത മാത്രമേ വരാവൂ. ചിലർ പറയും വേറെ മരുന്നുണ്ട്, ചിലർ പറയും ഹോമിയോ മരുന്നുണ്ട്, ആയുർവേദ മരുന്നുണ്ട് എന്നൊക്കെ. ഒറ്റ വാർത്തയെ ഇത് സംബന്ധിച്ച് വരാൻപാടുള്ളൂ. ഇത് സംബന്ധിച്ച എല്ലാ ഭയാശങ്കയും മാറ്റണം. അഡ്മിനിസ്ട്രേറ്റീവ് കേഡറും സ്പെഷ്യാലിറ്റി കേഡറും ഹെൽത്ത് രംഗത്ത് ഉണ്ടാക്കണം. പ്രഗൽഭനായ ഒരു ഡോക്ടറെ ഡി.എം.ഒ. ആക്കിയിട്ടും ഡി.എച്ച്.എസ്. ആക്കിയിട്ടും എന്തുകാര്യം ? ഭരണപരമായ കഴിവില്ലാത്തവരാണ് പല മേഖലയിലും ഇരിക്കുന്നത്. ഭരണപരമായ കഴിവുള്ളവരെ താഴെ തലത്തിലുള്ള ആശുപത്രികളുടെ നിയന്ത്രണം ഏല്പിച്ചുകൊണ്ടുമാത്രമേ ഇത് ചെയ്യാൻ കഴിയൂ. 348 ഡോക്ടർമാർ ഇപ്പോൾ അവധിയിലാണ്. അതിൽ 100 പേർ അവധിപോലും ചോദിക്കാതെ പോയിരിക്കുകയാണ്. ഇവരെയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ തിരിച്ചുവിളിച്ചുകൊണ്ട് കർക്കശമായ നടപടി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മുന്നോട്ടുവരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, കേരളത്തിലെ ജനങ്ങളെ മുഴുവൻ വലിയ ആശങ്കയിലാക്കിക്കൊണ്ട് വ്യാപകമായി പടർന്നുപിടിക്കുന്ന ഡെങ്കിപ്പനിയും എലിപ്പനിയും വൈറൽ ഫീവറുമൊക്കെ ഇന്ന് മനസാക്ഷിയുള്ള മുഴുവൻ ആളുകളെയും ഞെട്ടിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ്. ഈ സാഹചര്യത്തിൽ ഇതുപോലൊരു ചർച്ച ഒരുക്കിയ ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ ശ്രീ. പി.ടി. തോമസ് പറഞ്ഞതുപോലെ കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതി, രോഗം വന്നശേഷം ചികിൽസിച്ച് സുഖപ്പെടുത്തുന്നതിനുള്ള തത്രപ്പാടാണ്. പല രോഗങ്ങളും നമുക്ക് മുൻകരുതൽ എടുത്താൽ തടയാവുന്നതേയുള്ളൂ. എന്റെ പ്രദേശത്ത് കൂടുതൽ ആളുകൾ മരിച്ചത് എലിപ്പനി ബാധിച്ചാണ്. ഈ രോഗങ്ങളുടെയൊക്കെ അടിസ്ഥാന കാരണം മാലിന്യങ്ങൾ കുമിഞ്ഞുകൂടി അവിടെനിന്ന് ഉണ്ടാകുന്ന കൊതുക് പെരുകി, ആ കൊതുകുകൾ പരത്തുന്ന രോഗങ്ങളായിട്ടാണ് കാണുന്നത്. ഈ രോഗം പരത്തുന്നതിൽ എലിക്ക് മുഖ്യമായ ഒരു പങ്കുണ്ട്. ഇതിനെതിരെ ബോധവൽക്കരണം വേണം. ധാരാളം ബോധവൽക്കരണം നടക്കുന്നുണ്ടെങ്കിൽപ്പോലും ഇവിടെ ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ച ഒരുകാര്യം ഞാൻ അടിവരയിട്ടു പറയുവാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും പങ്കാളികളാക്കിക്കൊണ്ട് ഒരു ദിവസം മാറ്റിവച്ച് ബോധവൽക്കരണം നടത്തണം. ക്ളീൻ കേരളാ പ്രോജക്ട് പദ്ധതി ഇന്നുതന്നെ പ്രഖ്യാപിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻകയ്യെടുത്ത് ഒരു ദിവസം ഇതിനുവേണ്ടി പ്രഖ്യാപിക്കണം. നമുക്ക് ആ രീതിയിലേയ്ക്ക് നീങ്ങണം. അതുപോലെ മാലിന്യങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള ശുചിത്വ പരിപാടിയായി തദ്ദേശ സ്വയംഭരണ വകുപ്പു കുറേ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇന്ന് ആശുപത്രിയുടെ പരിസരത്തുപോലും മാലിന്യങ്ങൾ കുമിഞ്ഞുകൂടി കിടക്കുന്നത് നമുക്ക് കാണാൻ കഴിയും. അതു നീക്കം ചെയ്യാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. കേരളത്തെ ആകെ ആശങ്കയിലാക്കിയിരിക്കുന്ന ഈ കാര്യത്തിൽ ഗവൺമെന്റ് എല്ലാ കാര്യങ്ങളും മാറ്റിക്കൊണ്ട് ഇതിലേക്ക് ശ്രദ്ധ തിരിക്കേണ്ട ഒരു സന്ദർഭമാണ്. ഡെങ്കിപ്പനിയെക്കുറിച്ചാണ് ഇവിടെ എടുത്തു പറഞ്ഞതെങ്കിലും എലിപ്പനിയെക്കുറിച്ച് ഒരു വാക്ക് പറയാതിരുന്നാൽ പറ്റില്ല. പൈനാപ്പിൾ കൃഷിമേഖലയുമായി ബന്ധപ്പെട്ടാണ് എലിപ്പനി പടരുന്നതെന്ന് വ്യാപകമായ ആക്ഷേപമുണ്ട്. പൈനാപ്പിൾ കൃഷിയിടങ്ങളിൽ ജോലിചെയ്യാൻ പല ആളുകളും മടിക്കുന്ന ഒരു സാഹചര്യമുണ്ട് ഇതിനെതിരെ വലിയതോതു ബോധവൽക്കരണം ഉണ്ടാക്കുവാൻ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. കെ. ഷാജു : സർ, കേരളത്തെ ഗ്രസിച്ചിരിക്കുന്ന മഹാവിപത്തിനെ സംബന്ധിച്ച ഉത്ക്കണ്ഠയും ആശങ്കയുമാണ് ഈ സഭയിൽ ഇപ്പോൾ പ്രകടിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് മുന്നൂറോളം ആളുകൾ അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തിൽ മരണപ്പെട്ടു എന്നാണ് അറിയുവാൻ കഴിഞ്ഞത്. ഇതിനെയൊക്കെ നിയന്ത്രിക്കുവാനുള്ള ബാധ്യതയിൽ ആരോഗ്യ വകുപ്പ് ചില മേഖലയിൽ എത്തിയെങ്കിലും ഊതിപ്പെരുപ്പിച്ച കണക്കുകളുടെ മുന്നിൽ സ്തംബ്ദമായി നിൽക്കുകയാണ്. അതിനു പരിഹാരം ഉണ്ടാകണം. മെഡിക്കൽ കോളേജുകൾ ജില്ലാ ആശുപത്രികൾ, താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികൾ തുടങ്ങിയ കേന്ദ്രങ്ങളിൽ കുറേ സംവിധാനങ്ങൾ എത്തിയിട്ടുണ്ട്. എന്നാൽ നമ്മുടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, സബ് സെന്ററുകൾ എന്നിവിടങ്ങളിൽ ആവശ്യമായ മരുന്നോ മറ്റ് സംവിധാനങ്ങളോ കാര്യമായി എത്തിച്ചേർന്നില്ല എന്ന വിമർശനം നിലനിൽക്കുകയാണ്. അത് പരിഹരിക്കുവാൻ വേണ്ടിയുള്ള അടിയന്തിര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഡെങ്കിപ്പനി., എലിപ്പനി. ടൈഫോയിഡ്, മലേറിയ തുടങ്ങിയ രോഗങ്ങൾ നമ്മുടെ നാട്ടിൽ തിരിച്ചുവരുകയും കൂടുതൽ ശക്തിപ്രാപിക്കുകയും ചെയ്തെങ്കിലും ഇന്നത്തെ സ്ഥിതിവിശേഷത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഗവൺമെന്റ് ഈ പ്രശ്നത്തെ നോക്കിക്കാണുകയും അതിനു പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തിന്റെ വികാരത്തോട് പൂർണ്ണമായും യോജിക്കുകയാണ്.

4.00 PM] ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ അഭിപ്രായത്തോട് യോജിച്ചുകൊണ്ടാണ് ചില കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുന്നത്. ഗവൺമെന്റ് എത്ര ലാഘവബുദ്ധിയോടു കൂടിയാണ് കാര്യങ്ങൾ കാണുന്നത്. കുറ്റപ്പെടുത്താൻ വേണ്ടി പറയുകയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-5-2003-ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനമനുസരിച്ച് 15-5-2003-ന് ആരോഗ്യ വകുപ്പ് സർക്കുലർ ഇറക്കി. എന്റെ കയ്യിൽ അതിന്റെ കോപ്പിയുണ്ട്. അതനുസരിച്ച് വലിയതോതിലുള്ള ബോധവൽക്കരണപരിപാടികൾ, ക്ളാസുകൾ,സെമിനാറുകൾ എന്നിവയൊക്കെ നിശ്ചയിച്ചു. അതിനായി 19-5-2003 മുതൽ 24-5-2003 വരെ ഒരു ആഴ്ച നിശ്ചയിച്ചു. അതു കഴിഞ്ഞിട്ടാണ് കടലാസുകൾ താഴേയ്ക്ക് ചെല്ലുന്നത്. ഇക്കാര്യത്തിൽ എത്ര ഗൗരവം ഡിപ്പാർട്ട്മെന്റ് കാണുന്നു എന്നതിനു തെളിവാണ്. ബോധവൽക്കരണത്തെക്കുറിച്ച് പറഞ്ഞതിനോടൊക്കെ ഞാൻ യോജിക്കുകയാണ്. ബോധവൽക്കരണ ക്ളാസുകൾ നടത്തിയതുകൊണ്ടൊന്നും എലിയും കൊതുകും ചത്തുപോകുകയില്ല. എലിയും കൊതുകും നശിക്കണമെങ്കിൽ അതിനുള്ള നടപടികൾ എടുക്കണം. പരിസര ശുചീകരണമുൾപ്പെടെയുള്ള കാര്യങ്ങളിൽ ശക്തമായ നടപടി എടുക്കണം. നമ്മുടെ നാട്ടിലൊക്കെ പറയും, വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലത്തൊക്കെ തവളയെ പിടിച്ചിട്ടാൽ മതി കൊതുകിനെ നശിപ്പിക്കാൻ. ചെറുമൽസ്യങ്ങൾ കൊണ്ടിട്ടാലും മതി. ക്കുസുകൾ പൊട്ടി പൊളിഞ്ഞുകിടക്കുന്നത് കെട്ടിക്കൊടുക്കണം. കക്കൂസുകൾ കെട്ടിക്കൊടുക്കുമ്പോൾ സ്ലാബുകൾ ഇടാനുള്ള നടപടികൾ ഉണ്ടാകണം. സ്ലാബുകളിൽ വലയിടണം. അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുമെങ്കിൽ പഞ്ചായത്തുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, നമ്മുടെ കലാസമിതി, വായനശാല എന്നിങ്ങനെയുള്ളവയുടെ ജനകീയ പ്രവർത്തനം വേണം. അവിടെയാണ് ഗൗരവമായ വിഷയം ഞാൻ ചൂണ്ടിക്കാണിക്കുന്നത്. പ്രതിരോധ പ്രവർത്തനങ്ങളിൽ നിന്ന് സർക്കാർ വിട്ടു നിൽക്കുകയാണ്. പൊതുജനാരോഗ്യ സംവിധാനത്തിന്റെ ബോധപൂർവ്വമായ ഉദാസീനതയും ആസൂത്രിതമായ ഒരു പരിപാടിയും ഇവിടെയുണ്ട്. ഞാൻ അതു പറയാൻ കാരണം, തൽസമയസംപ്രേക്ഷണം പോലെയാണ് ആരോഗ്യവകുപ്പിൽ നിന്ന് മരിച്ചവരുടെ എണ്ണം ദിവസേന പ്രസിദ്ധീകരിക്കുന്നത് ആശുപത്രികളിൽ കിടക്കുന്നവരുടെ

എണ്ണവും എല്ലാം കൃത്യമായി കണക്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ്. ഇതിന്റെ പിന്നിലുള്ള ഉദ്ദേശം എന്താണ് ? ആ ഉദ്ദേശം എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. ഇവിടെ മരുന്നില്ലായെന്നു പറഞ്ഞു. ജില്ലാ ആശുപത്രികളിൽ മരുന്നില്ല. ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ പാരാസെറ്റമോൾ കെട്ടിക്കിടക്കുയാണ്. 50 ലക്ഷത്തിലേറെ രൂപയുടെ മരുന്ന് ജില്ലാ മെഡിക്കൽ സ്റ്റോറിൽ ഉള്ളത് ബഹുമാനപ്പെട്ട മന്ത്രി മിന്നൽ പരിശോധന നടത്തിയാൽ കണ്ടുപിടിക്കാം. ജില്ലാ മെഡിക്കൽ സ്റ്റോറുകളിലെ മരുന്ന് താഴേക്ക് എത്താത്തത് എന്താണ് ? പാരസെറ്റമോൾ ആണ് മരുന്ന്. വേറെ ഇതിനു മരുന്നില്ല. പാരാസെറ്റമോൾ മാത്രമല്ലേയുള്ളൂ. എന്തുകൊണ്ടാണ് ഇതിനു കഴിയാത്തത് ? ഡെങ്കിപ്പനി ഒരു മാരകരോഗമാണെന്ന് ആരോഗ്യ വകുപ്പ് ബോധപൂർവ്വമായി പ്രചരിപ്പിക്കുകയാണ്. ഇതൊരു മാരകരോഗമാണോ ? അങ്ങനെ ആരോഗ്യ ശാസ്ത്രത്തിന്റെ ഏതെങ്കിലും റിപ്പോർട്ടിൽ പറയുന്നുണ്ടോ ? ഇത് ബോധപൂർവ്വം പ്രചരിപ്പിക്കുകയാണ്. മരുന്നുക്ഷാമം ഉണ്ടെന്നുള്ള കഥയും ബോധപൂർവ്വം പ്രചരിപ്പിക്കുകയാണ്. ഒരു പനി പേടി നിങ്ങൾ ഉണ്ടാക്കുകയല്ലേ ? രോഗം വന്നാൽ മരുന്നു കൊടുക്കണം. പാരാസെറ്റമോൾ കൊടുക്കണം. ചികിൽസയ്ക്കുള്ള ഏർപ്പാടുകൾ ചെയ്യണം. അതിനേക്കാൾ ഉപരിയായി പഞ്ചായത്ത് തലത്തിൽ, ബോധപൂർവ്വമായ ശുചീകരണപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. എന്റെ നിയോജക മണ്ഡലത്തിൽ ഏറ്റവും കൂടതൽ ഡെങ്കിപ്പനിയെക്കുറിച്ച് റിപ്പോർട്ട് ചെയ്തതാണ്. 4800 പേരെ ഞങ്ങൾ ഇതിന്റെ ആക്ടിവിറ്റീസിൽ കൊണ്ടുവന്നു. ധാരാളം ക്യാംപുകൾ നടത്തി. ഒരു രൂപ പോലും ബ്ളോക്ക് പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ താഴെയുള്ള സമിതികൾക്കോ കിട്ടിയിട്ടില്ല. നിങ്ങളുടെ ഓർഡറുണ്ട്. കഴിഞ്ഞ വർഷം എലിപ്പനി ബാധിച്ച് 5 ആളുകൾ എന്റെ നിയോജകമണ്ഡലത്തിൽ മരിച്ചു. ഇപ്പോൾ എലിയെപ്പിടിക്കാൻ '14,000 രൂപ അനുവദിച്ചു. ആ കടലാസും കൊണ്ട് ട്രഷറിയിൽ ചെന്നപ്പോൾ ട്രഷറി ഓഫീസർ മടക്കി അയച്ചു,. ഞാൻ മിനിഞ്ഞാന്നും മിനിസ്റ്ററോട് ആ കാര്യം പറഞ്ഞതാണ്. ഇതു സംബന്ധിച്ച കടലാസെങ്കിലും ട്രഷറിയിൽ കൊണ്ടുചെന്നാൽ ചെക്ക് മാറ്റിക്കൊടുക്കണം. ഇന്നു രാവിലെ യു.ഡി.എഫ്.-ന്റെ പഞ്ചായത്തു പ്രസിഡന്റ് എന്നെ വിളിച്ചു പറഞ്ഞത് ഇന്നു പോയപ്പോഴും മടങ്ങിപ്പോന്നു എന്നാണ്. നിങ്ങൾ അതു അന്വേഷിക്കണം. ആദ്യം നിങ്ങൾ 2.4 കോടി രൂപ കൊടുത്തു. പിന്നീട് ക്യാബിനറ്റ് തീരുമാനിച്ചു 1.9 കോടി രൂപ കൊടുക്കാൻ. എവിടെയാണ് ഈ 4 കോടിയിൽപ്പരം രൂപ ? നിങ്ങൾ ആർക്കാണ് കൊടുത്തത് ? ഏതു പ്രവർത്തനത്തിനാണ് ഇതുപയോഗിച്ചത് ? ഈ പണം എന്തു ചെയ്യുന്നു ? ഇവിടെ വീണ്ടും മരുന്നു വാങ്ങിക്കൂട്ടാനാണെന്ന് ഞാൻ ബലമായി സംശയിക്കുന്നു. മരുന്നിനു വേണ്ടിയാണോ ? നിങ്ങൾ മരുന്ന് ആവശ്യമുള്ളത് എത്തിച്ചു കൊടുക്കണം. ആരോഗ്യ രംഗത്ത് കേരളം നേടിയ നേട്ടങ്ങളൊക്കെ ഇല്ലാതാക്കണോ ? ഇപ്പോൾ വീണ്ടും കൈകഴുകൽ പദ്ധതി തുടങ്ങാൻ പോകുന്നു. ഇതുപോലെയൊക്കെയാണ് ഓരോ പദ്ധതി വരുന്നത്. സോപ്പിട്ട് കൈ കഴുകാൻ 10 കോടി രൂപയുടെ പദ്ധതിയാണ്. നിങ്ങൾ ബഡ്ജറ്റിൽ 10 കോടി രൂപ അതിനു

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി വച്ചു. ബഹുമാനപ്പെട്ട ഹസ്സന്റെ വകുപ്പ് പി.ആർ.ഡി.-യിൽ നിന്ന് പത്രക്കുറിപ്പ് ഇറക്കി കൈ കഴുകൽ പദ്ധതി തുടങ്ങി എന്ന്. ബഹുമാനപ്പെട്ട മന്ത്രി ടി. എ. ജേക്കബ് പത്രക്കുറിപ്പിറക്കി, പദ്ധതി തുടങ്ങിയിട്ടില്ലായെന്ന്. ബഡ്ജറ്റിൽ ശ്രീ. ശങ്കരനാരായണൻ 10 കോടി രൂപ നൽകി. ഞങ്ങൾക്കു തന്ന സബ്ജക്ട് കമ്മിറ്റി രേഖയിൽ പറയുന്നതും 10 കോടി രൂപ മാറ്റി വച്ചു എന്നാണ്. കൈ കഴുകൽ പദ്ധതിയുണ്ടോ ? മറിച്ച് ഇവിടെ രോഗപ്രതിരോധപ്രവർത്തനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതു ചെയ്യണം. തുളസിയുടെ ഇലയും കുരുമുളകും നല്ല വെള്ളത്തിൽ തിളപ്പിച്ച് കഷായം പോലെ കുടിക്കണം. നന്നായി വിശ്രമിക്കണം, പാരാസെറ്റമോൾ ഗുളിക കഴിക്കണം. അതിനുപകരമായി ബോധപൂർവ്വമായി നിങ്ങൾ ഡെങ്കിപ്പനി പേടി ഈ രാജ്യത്ത് പനിയെക്കുറിച്ച് പ്രചരിപ്പിക്കുകയാണ്. ബോധപൂർവ്വമായി നിങ്ങൾ കണക്കുകൾ നിരത്തുന്നു. ജനങ്ങളിൽ ഭീതിയും ഭയവും ഉണ്ടാക്കുന്നു. അതിലാണ് ഗവൺമെന്റിന്റെ പരാജയമുണ്ടെന്നു പറയുന്നത്. മറിച്ച് പഞ്ചായത്ത് തലത്തിൽ യോഗം വിളിക്കണം. എം.എൽ.എ.-മാരെ ഇതിന്റെ ഒരു പ്രവർത്തനത്തിലും പങ്കെടുപ്പിച്ചിട്ടില്ല. ജില്ലാ തലത്തിൽ നടന്ന ഒരു മീറ്റിംഗിലും സംസ്ഥാന തലത്തിൽ നടന്ന നിങ്ങളുടെ ഒരു ചർച്ചകളിലും ഭരണകക്ഷി എം.എൽ.എ-മാരേയും പ്രതിപക്ഷത്തിരിക്കുന്നവരെയും ഇവിടത്തെ ജനപ്രതിനിധികളായ എം.എൽ.എ-മാരെ നിങ്ങൾ ബോധപൂർവ്വമായി മാറ്റി നിർത്തിയിരിക്കുകയാണ്. ആദ്യമായി നിങ്ങൾ ട്രഷറി ചെക്ക് മാറ്റിക്കൊടുക്കണം. പഞ്ചായത്തുകൾക്ക് നന്നായി പ്രവർത്തിക്കാനുള്ള അവസരം കൊടുക്കുക. അനുവദിച്ച 4 കോടി രൂപ എങ്ങനെ വിനിയോഗിച്ചു എന്നതിന്റെ കണക്കുപറയണം. നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. ഞങ്ങൾ പൂർണ്ണമായി ഈ കാര്യത്തിൽ ഗവൺമെന്റുമായി സഹകരിച്ച് ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കാം. അതിന് ഈ ചർച്ച ഉപകരിക്കട്ടെ എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എ. അസീസ് : സർ, ഗുരുതരമായ ഈ വിപത്തിനെ നേരിടാനുള്ള അടിയന്തരമായ നടപടികൾ ഉണ്ടാകണം. ഒന്ന്, രോഗം പിടിപെടുന്ന ആളുകൾക്ക് അടിയന്തര ചികിൽസയ്ക്ക് മരുന്ന് ലഭ്യമാക്കണം. രണ്ട്, രോഗം വരാതെ പ്രതിരോധ പ്രവർത്തനത്തിന് പ്രാധാന്യം നൽകണം. അതോടൊപ്പം ജനങ്ങളിൽ ഉളവായിട്ടുള്ള ഭീതി അകറ്റാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണം. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളിലും സബ് സെന്ററുകളിലും താലൂക്ക് ഹോസ്പിറ്റലുകളിലും ആവശ്യത്തിന് മരുന്ന് ലഭ്യമല്ല. നമ്മുടെ പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ മാത്രമല്ല, പാവപ്പെട്ട ആളുകൾ അഭയം തേടുന്നത്. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ, ഇ.എസ്.ഐ. വഴിയുള്ള വൈദ്യസഹായം വേണം. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ മരുന്ന് ലഭ്യമല്ല. ഇ.എസ്.ഐ. ആശുപത്രികളിൽ കുറച്ചൊക്കെ മരുന്നുണ്ട്. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ മരുന്ന് തീരെ ലഭ്യമല്ല. അത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പിന്റെ കീഴിലാണ്. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ മരുന്ന് ലഭ്യമാക്കണം. ഇ.എസ്.ഐ. ആശുപത്രികളിൽ ചികിൽസ ലഭ്യമാക്കാനും അടിയന്തര നടപടികൾ സ്വീകരിക്കണം. തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിൽ ഇത്ര പ്രാധാന്യം അർഹിക്കുന്ന ഒരു സംഭവം, അതിനെ പ്രതിരോധിക്കാൻ നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പ്, പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ആ നാട്ടിലെ സാമൂഹ്യ സാംസ്ക്കാരിക സംഘടനകളേയും രാഷ്ട്രീയ പാർട്ടികളേയും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളേയുമൊക്കെ വിളിച്ചുകൂട്ടി ഇതിനെ എങ്ങനെ നേരിടാമെന്നതിനെ സംബന്ധിച്ച് കൂടിയാലോചിച്ച് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക സ്വാഭാവികമാണ്. ഇതുവരെ അത്തരം ഒരു സംഭവമുണ്ടായിട്ടില്ല. ത്രിതലത്തിലുള്ള പഞ്ചായത്ത് സംവിധാനമുണ്ട്. ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവകൾ ത്രിതലത്തിലുള്ള പഞ്ചായത്തു സമിതികളിൽ ഇത്തരത്തിൽ ഇതിനെ പ്രതിരോധിക്കാൻ ആവശ്യമായ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. അതു നടത്തണമെന്നാണ് പറയാനുള്ളത്. ജനപ്രതിനിധികളെ, നാട്ടിലെ പൗരജനങ്ങളെ, സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രതിനിധികളെ വിളിച്ചുകൂട്ടി ഇതിനെ പ്രതിരോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. നമ്മുടെ പട്ടണപ്രദേശങ്ങളിൽ കൊതുകുകൾ പെറ്റുപെരുകുകയാണ്. പ്രകൃതിയുടെ വികൃതിമൂലമോ കാലാവസ്ഥയിൽ വന്ന മാറ്റംമൂലമോ ആയിരിക്കാം കൊതുകുകൾ പെരുകുന്നത്. കൊതുകു നിവാരണത്തിന് തോടുകളും വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളും ഓടകളും വൃത്തിയാക്കുന്നതിനാവശ്യമായ യാതൊരു പദ്ധതിയും മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ ഇന്നില്ല. കോർപ്പറേഷൻ ഭരണാധികാരികൾ പറയുന്നത് ആവശ്യത്തിന് ജീവനക്കാരില്ല എന്നാണ്. ജീവനക്കാരില്ലെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ഇത്തരം രോഗങ്ങൾ പ്രതിരോധിക്കാൻ, നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടണം. കൊതുകാണ് ഈ രോഗങ്ങൾ പരത്തുന്നത്. എറണാകുളം, കൊല്ലം, തിരുവനന്തപുരം പട്ടണങ്ങൾ കൊതുകുകളുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. കൊതുകുനിവാരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യാതൊരു പദ്ധതിയുമില്ല ഉണ്ടെന്നാണ് അവർ അവകാശപ്പെടുന്നത്. പക്ഷേ അതു കൃത്യസമയത്ത് നടക്കുന്നില്ല. അതുനടത്താൻ ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം.

ശ്രീമതി മേഴ്സി രവി : സർ, കഴിഞ്ഞ കുറെ നാളുകളായി നമ്മളിവിടെ ദിവസവും പനിയെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. രണ്ടുമൂന്നു കാര്യങ്ങൾ മാത്രമാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപെടുത്താനുള്ളത്. ആദ്യമായി പറയുന്നത് ഇന്നുണ്ടാകുന്ന ഈ സ്കെയർ, അതായത് ഈ പനിയുടെ പേരിൽ നമ്മളുണ്ടാക്കുന്ന സ്കെയർ നമ്മുടെ ടൂറിസത്തെ എങ്ങനെ ബാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. രണ്ടാമത്തെ കാര്യം ഞാൻ ഇടയ്ക്ക് ഈ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്, ഡബ്ലിയു.എച്ച്.ഒ.-ക്ക് ഇത് വിടണമെന്നാണ് എനിക്ക്

പറയാനുള്ളത്. കാരണം ലെപ്ടോസ്പൈറോസിസ് എന്നു പറയുന്നതിൽ 142 സ്ട്രെയിൻസുണ്ട്. ഇതിൽ ചിലത് ലിവർട്ടിനെ ബാധിക്കുന്നതും, ചിലത് കിഡ്നിയെ ബാധിക്കുന്നതും ചിലത് ബ്രെയിനിനെ ബാധിക്കുന്നതുമാണ്. ഇതിൽ ഏതു വൈറസിന്റെ സ്ട്രെയിനാണെന്നു കണ്ടുപിടിക്കാൻ ആസ്ട്രേലിയയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനു മാത്രമേ കഴിയൂ എന്നാണ് അറിയുന്നത്. അതുകൊണ്ട് ഇത് ഡബ്ലിയു.എച്ച്.ഒ.-ക്ക് വിടണം. കാരണം സാർസ് മൂന്നുമാസം കൊണ്ട് ഡബ്ലിയു.എച്ച്.ഒ.-ക്ക് പിടിച്ചുകെട്ടാൻ കഴിയുമെങ്കിൽ ഇതും പിടിച്ചു കെട്ടാൻ കഴിയുമെന്നുതന്നെയാണ് എന്റെ വിശ്വാസം. രണ്ടാമത്തെ കാര്യം കോട്ടയം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് മറ്റുള്ള അംഗങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കോട്ടയം മെഡിക്കൽ കോളേജ് ഒരു റഫറൽ കോളേജാണ്. പത്തനംതിട്ടയിൽനിന്നും ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നുപോലും റഫറൽ കേസുകളായി പനി ബാധിച്ചവർ ധാരാളം കോട്ടയത്തെത്തുന്നു. അതുകൊണ്ട് കോട്ടയം മെഡിക്കൽ കോളേജിന് അറ്റാച്ച്ഡായി ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൂടി വേണമെന്നുള്ളതാണ് എന്റെ രണ്ടാമത്തെ അഭ്യർത്ഥന. മൂന്നാമത്തെ അഭ്യർത്ഥന, ഇവിടെ കോടിക്കണക്കിന് രൂപയാണ് ഇപ്പോൾ കൊടുക്കാൻ പോകുന്നതെന്ന് ദിവസവും മന്ത്രി ഓരോ കണക്ക് പറയുന്നുണ്ട്. ചെറിയൊരു അഭ്യർത്ഥന മാത്രമേ എനിക്ക് മന്ത്രിയുടെ മുമ്പിൽ വയ്ക്കാനുള്ളൂ. ഇത് കിഡ്നിയെ ബാധിക്കുമ്പോൾ പലപ്പോഴും ഡയാലിസിസ് കൊണ്ട് രക്ഷപ്പെടുത്താൻ കഴിയുന്നുണ്ട്. അപ്പോൾ കോട്ടയം മെഡിക്കൽ കോളേജിലാണെങ്കിൽ അതിനുള്ള ഫെസിലിറ്റിയില്ല. ഒരു ഡയാലിസിസ് മെഷീന് വെറും 10 ലക്ഷം രൂപയേയുള്ളൂ, നിങ്ങൾ കൈകഴുകാൻ കൊടുക്കുന്ന കാശുമതി. 10 ലക്ഷം രൂപ കൊടുത്ത് ഒരു ഡയാലിസിസ് മെഷീൻ അടിയന്തരമായി കോട്ടയം മെഡിക്കൽ കോളേജിലെത്തിക്കാനുള്ള സംവിധാനമുണ്ടാകണമെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. സി. കെ. നാണു : സർ, കോഴിക്കോട് മെഡിക്കൽ കോളേജിലും അതുപോലെ കോഴിക്കോട് ജില്ലയിലെ പ്രത്യേകിച്ചും കൊയിലാണ്ടി, വടകര താലൂക്ക് ആശുപത്രികളിലും അതുപോലെ പ്രൈമറി ഹെൽത്ത് സെന്ററിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലുമൊക്കെ ഓരോ ദിവസവും എത്ര രോഗികളാണ് വരുന്നത് ? ഒന്നും രണ്ടും കുട്ടികൾ മാത്രമുള്ള പല വീടുകളിലും ഒരു കുട്ടി ഈ രോഗത്തിനു വിധേയമായി മരണമടയുന്ന സംഭവങ്ങളുണ്ടായി. വ്യാപകമായി അത്തരം സംഭവങ്ങൾ പല ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് ഇന്നത്തെക്കാളും കൂടുതൽ ഗൗരവമായി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ ഒരു വിശദീകരണം പ്രകാരം 1996-ൽ ഡൽഹിയിൽ പതിനായിരത്തിലധികം ആളുകൾക്ക് ഡെങ്കിപ്പനി ബാധിച്ചതിന്റെ ഫലമായി, ഡെങ്കി ഹെമറേജ് ബാധിച്ചതിന്റെ ഫലമായി ഏതാണ്ട് അവിടെത്തന്നെ 452 ആളുകൾ മരണമടഞ്ഞു. ബോർഡർ സ്റ്റേറ്റുകളിൽ പല സ്ഥലത്തും ഇതു വ്യാപിച്ചതിന്റെ ഫലമായി ഇന്ത്യാ ഗവൺമെന്റും വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും സജീവമായി ഈ രോഗനിവാരണത്തിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. അതുപോലെതന്നെ മലേറിയയും 2001-ൽ തുടങ്ങിയിരിക്കുകയാണ്. വടകരയിൽ മലേറിയ ബാധിച്ച് ഒരു കുട്ടി മരണമടഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടുകൾവരെയുണ്ടായി. അപ്പോൾ ഇതിന് ഇന്ന് നമ്മൾ ചെലവാക്കുന്നതിനേക്കാൾ കൂടുതൽ പണം ചെലവാക്കണം. അതുപോലെ പല സ്ഥലത്തും ഈ ഗൗരവം മനസ്സിലാക്കിക്കൊണ്ട് വോളന്ററി ഓർഗനൈസേഷനുകൾ മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കണം. സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരേയും അതുപോലെ സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരെയും സംഘടിപ്പിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്ന അവസരത്തിൽ അവർക്കാവശ്യമായ മരുന്നുകൾ നൽകാൻ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സന്നദ്ധമാകണം. അങ്ങനെ ഇവിടെ വിശദീകരിച്ചതുപോലെ ഒരു ദിവസത്തോടുകൂടി ഈ കേരളം നമ്മൾ ശുദ്ധീകരിക്കുക എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇതിനാവശ്യമായ രൂപത്തിൽ എല്ലാ തരത്തിലുമുള്ള പ്രവർത്തനം നടത്തണം. അല്ലെങ്കിൽ മലമ്പനിയും അതുപോലുള്ള രോഗങ്ങളും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വ്യാപിച്ചതിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ നമുക്ക് ഭയപ്പാടോടുകൂടി മാത്രമേ ഇതിനെ കാണാൻ സാധിക്കൂ. അതുകൊണ്ട് ഫലപ്രദമായ രൂപത്തിൽ ഇതിനെ നേരിടാൻ ഇപ്പോൾ സാമ്പത്തികമായ ചില പ്രശ്നങ്ങളുണ്ടാകും, പക്ഷേ അടുത്ത കാലത്തൊന്നും നമ്മുടെ സ്റ്റേറ്റിനെ ബാധിച്ചിട്ടില്ലാത്ത ഈ പകർച്ചവ്യാധി വരുന്ന അവസരത്തിൽ അതിനാവശ്യമായ മരുന്ന് നൽകാനുള്ള പണം നൽകണം. അതുപോലെ ഡോക്ടർമാർക്കാർക്കും ലീവെടുക്കാൻ സൗകര്യം കൊടുക്കരുത്. ഇപ്പോൾത്തന്നെ പത്രത്തിൽ കണ്ടു, ഒന്നുരണ്ടു മണിക്കൂർ സമയം കൂടുതലായി ജോലി ചെയ്യാൻ ഡോക്ടർമാരോട് ആവശ്യപ്പെട്ടു എന്ന്, അത് നല്ലതാണ്. അതുപോലെ പരമാവധി എത്ര സമയം ഡോക്ടർമാരെ അവിടെ ഉപയോഗിക്കാൻ സാധിക്കും, മരുന്ന് എങ്ങനെ കൊടുക്കാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിച്ച് ഈ വിപത്തിനെതിരായി എല്ലാ ജനങ്ങളേയും ഒരുമിച്ച് അണിനിരത്താൻ സാധിക്കണം.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഇന്ന് കേരളത്തിൽ ബാധിച്ച പനിയുടെ ഗുരുതരാവസ്ഥയെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കളും ഇതര അംഗങ്ങളും ഇവിടെ സംസാരിച്ചു. ഞാൻ അതിന്റെ ചർവ്വിതചർവ്വണത്തിന് മുതിരുന്നില്ല. രോഗം നിയന്ത്രിക്കുന്നതിന്റെ ഗൗരവാവസ്ഥ എല്ലാവർക്കും ബോദ്ധ്യപ്പെട്ടു. എന്റെ ഗ്രാമ പഞ്ചായത്തിൽ മാത്രം മൂന്നുപേർ പനി ബാധിച്ചു മരിച്ചു. ഞാൻ ഇവിടെ പറയാത്ത ഒരു കാര്യത്തിലേയ്ക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. ഈ പനികാരണം ഏതാണ്ട് അനേകംപേർ മരിച്ച, വളരെ പാവപ്പെട്ട അനാഥരായ കുടുംബങ്ങൾ ഇന്ന് നോക്കാൻ ആരുമില്ലാതെ ഗതികിട്ടാതെ ഇരിക്കുന്നുണ്ട്. സാധാരണ രോഗം ബാധിച്ച് ആളുകൾ മരിക്കലും കുടുംബങ്ങൾ അനാഥമാകലും പതിവുണ്ട്. പക്ഷേ അങ്ങനെ കണക്കാക്കാതെ ഇതൊരു അസാധാരണമായ സാഹചര്യമാണെന്നു കണക്കാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്ത് ഇങ്ങനെ മരണം സംഭവിച്ച പാവപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ഇങ്ങനെ ഒരു ചർച്ചയ്ക്ക് മുൻകൈ എടുത്ത അങ്ങയെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഡെങ്കിപ്പനിയെ സംബന്ധിച്ച് ഈ സഭയിൽ ഒരു പ്രത്യേകമായ ചർച്ചയ്ക്ക് വേദിയൊരുക്കാൻ അങ്ങ് തയ്യാറായതിൽ ആദ്യമായി ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ,.....(ബഹളം).....

മി. സ്പീക്കർ : Your name was called.....there is no excuse. വിളിക്കുമ്പോൾ ഇല്ലാത്തവരെ പിന്നെ വിളിക്കില്ല.....(ബഹളം)....

ശ്രീ. പി. ശങ്കരൻ : അതുപോലെതന്നെ ഈ വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മൂന്നാമത്തെ തവണയാണ് ഈ സഭയിൽ സംസാരിക്കുന്നത്....(ബഹളം).....

മി. സ്പീക്കർ : No.....No.....Minister can reply. ഒരാളുടെ പേരു വിളിച്ചിട്ട് ഇല്ലെങ്കിൽ പിന്നെ രണ്ടാമത് വിളിക്കില്ല.

ശ്രീ. പി. ശങ്കരൻ : വളരെ സൗമ്യമായതും അതേയവസരത്തിൽ വളരെ ശ്രദ്ധേയമായതുമായ ഒരു വിമർശനമാണ് അദ്ദേഹം ഇവിടെ നടത്തിയത്. അദ്ദേഹം പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും വികാരമാണ് ഇവിടെ പ്രകടിപ്പിച്ചത്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച മുഴുവൻ നിയമസഭാംഗങ്ങളും പ്രശ്നത്തിന്റെ ഗൗരവത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആദ്യമായി ഈ പ്രശ്നം സഭയിൽ ഉന്നയിച്ച ആ ദിവസംതന്നെ ഗവൺമെന്റ് ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. മന്ത്രിസഭ ഒരു ഉപസമിതിയെ നിയമിക്കുകയും ആ ഉപസമിതി എല്ലാ തിങ്കളാഴ്ചയും അതിനിടയ്ക്കുള്ള ദിവസങ്ങളിലും യോഗം ചേർന്ന് മന്ത്രിസഭ എടുത്ത തീരുമാനങ്ങൾ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമായി വിശകലനം ചെയ്യുകയും അതിലുള്ള പോരായ്മകളും കുറ്റങ്ങളും കുറവുകളും കണ്ടെത്തുകയും അതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നടന്ന പ്രവർത്തനങ്ങളിൽ മന്ത്രി എന്നുള്ള നിലയിൽ ഞാൻ സംതൃപ്തനാണ്. പനി കേരളത്തിൽ വ്യാപകമായി വർദ്ധിക്കുന്നു. എല്ലാ വർഷവും പനി ഉണ്ടാകാറുണ്ട്. പക്ഷേ ഈ പ്രാവശ്യം പ്രതിപക്ഷനേതാവ് ഡെങ്കിപ്പനിയെ സംബന്ധിച്ച ചർച്ചയ്ക്ക് തുടക്കമിടുകയും അതിന്റെ ഗൗരവം സഭയെ ബോദ്ധ്യപ്പെടുത്തുകയും മന്ത്രിയും ആരോഗ്യ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളും ഇതിനെക്കുറിച്ച് കൂടുതൽ ചർച്ചയ്ക്ക് വേദിയൊരുക്കുകയും ചെയ്തതുകൊണ്ടാണ്, ഒരുപക്ഷേ ശ്രീ. കെ.പി. രാജേന്ദ്രൻ പ്രകടിപ്പിച്ച വികാരം ഉൾക്കൊണ്ടുകൊണ്ടുതന്നെ ഞാൻ പറയട്ടെ, ഇത് അതീവ ഗുരുതരമായ ഒരു രോഗമായി മാറുന്നോ എന്ന ആശങ്ക ജനങ്ങളിൽ ഉയർന്നു വന്നത്. എല്ലാ വർഷവും പനി ഉണ്ടാകാറുണ്ട്. പക്ഷേ പനിയെ സംബന്ധിച്ച റിപ്പോർട്ടുകൾ പത്രങ്ങളിൽ വ്യാപകമായി ഇങ്ങനെ കടന്നുവരാറില്ല. എലിപ്പനി ബാധിച്ച് പോയ വർഷങ്ങളിൽ ഒട്ടേറെപ്പേർ കേരളത്തിലും അന്യസംസ്ഥാനങ്ങളിലും മരിക്കുകയുണ്ടായി. ഡെങ്കിപ്പനി വന്നപ്പോൾ, ഡെങ്കിപ്പനിയുടെ സ്വഭാവം തികച്ചും വ്യത്യസ്തമാണ്. ഒരു പ്രാവശ്യം പനിയുണ്ടായി, തൊട്ടടുത്ത പ്രാവശ്യവും അതേ വ്യക്തിക്കുതന്നെ ആ പനിയുണ്ടാവുകയാണെങ്കിൽ അത് ഡെങ്കി ഹെമറേജായി മാറുകയും അദ്ദേഹത്തിന്റെ ശരീരത്തിന്റെ മുഴുവൻ സിസ്റ്റത്തേയും അത് ബാധിക്കുകയും രോഗി മരണമടയുകയും ചെയ്യുന്നു.

ഇതിനു ഇന്നു വരെ ഒരു വാക്സിൻ കണ്ടു പിടിച്ചിട്ടില്ല. ഒരു ആന്റിബയോട്ടിക്സ് ഇതിനില്ല. ഈ രോഗത്തെ പ്രതിരോധിക്കുക മാത്രമാണ് ഇതിനു ചെയ്യാനുള്ളത്. അതിലുണ്ടാകുന്ന ഒരു കോംപ്ലിക്കേഷൻ, രോഗിക്കു ബ്ലീഡിംഗ് ഉണ്ടാവുകയാണെങ്കിൽ ആ ബ്ലീഡിംഗ് കോംപ്ലിക്കേഷൻസ് നിർത്താനാവശ്യമായ നടപടികൾ ചികിത്സാ വിധികൾ സ്വീകരിക്കുക എന്നുള്ളതാണ് സ്വീകാര്യമായിട്ടുള്ള ഒരു കാര്യം. അല്ലാതെ വാക്സിൻ ഇല്ല. മരുന്നുമില്ല. അതിനെത്തുടർന്നുണ്ടാകുന്ന കോംപ്ലിക്കേഷൻസ് എന്തെല്ലാമാണോ ആ കോംപ്ലിക്കേഷൻസിന് ചികിത്സിക്കുകയാണ് ആകെ സ്വീകരിക്കാവുന്ന ഒരു മാർഗ്ഗം. കൽക്കട്ടയിൽ 1963-ലാണ് ഈ പനി ആദ്യമായി റിപ്പോർട്ടു ചെയ്യപ്പെട്ടത്. 1059 പേർക്ക് ഡൽഹിയിൽ ഡെങ്കിപ്പനി ബാധിക്കുകയും 423 പേർ മരിക്കുകയും ചെയ്തു. കേരളത്തിൽ 1997-ൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളിയിലെ തോട്ടം മേഖലയിലാണ് ആദ്യമായി രോഗബാധയുണ്ടായത്. അന്നു 14 പേർക്ക് രോഗം ബാധിച്ചതിൽ 4 പേർ മരിച്ചു. 2001-ൽ 66 പേർക്ക് ഡെങ്കിപ്പനി ബാധിച്ചു. അതിൽ ഒരാൾ മരിച്ചു. 2002-ൽ 210 പേർക്ക് പനി ബാധിച്ചു, രണ്ട് ആൾ മരിച്ചു. 2003-ൽ 1097 പേർക്ക് ഡെങ്കിപ്പനി ബാധിച്ചു, 42 പേർ മരിച്ചു. എലിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ 248 ആണെങ്കിൽ മരിച്ചവരുടെ എണ്ണം 37 ആണ്. ടൈഫോയിഡുമൂലം 516 പേർ ആശുപത്രിയിലായി. രണ്ടു പേർ മരിച്ചു. മലേറിയ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് 938, ഒരാൾ മരിച്ചു. വിവിധ തരം വൈറൽ ഫീവർ മൂലം 153 പേരാണ് ഇന്നലെ വരെ ഈ സംസ്ഥാനത്തു മരണപ്പെട്ടിട്ടുള്ളത്. ഇത് ഔദ്യോഗികമായിട്ടുള്ള കണക്കാണ്, ഔദ്യോഗികമല്ലാതെ റിപ്പോർട്ടു ചെയ്യപ്പെടുന്ന മരണങ്ങളുമുണ്ട്. അതു യുദ്ധത്തിലായാലും. രോഗം വന്നിട്ടായാലും പകർച്ചവ്യാധികൾ മുഖേനയായാലും സാധാരണ ഔദ്യോഗിക കണക്ക് ഒന്നായിരിക്കും പുറത്തുള്ള കണക്ക് വേറെയായിരിക്കും, ഒരു ലഹളയുണ്ടായാലും കലാപമുണ്ടായാലും അവിടെയും സ്ഥിതി ഇതുതന്നെയാണ്. അല്പസ്വല്പ വ്യത്യാസങ്ങൾ ഉണ്ടാകും, ഇല്ലെന്നു ഞാൻ പറയുന്നില്ല. ഉദാഹരണത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരാളെ പനി എന്നു പറഞ്ഞ് കൊണ്ടു വന്നു. പക്ഷേ അയാൾ മരിച്ചത് renal failure മൂലമാണ്. പക്ഷേ വാർത്ത വന്നത് ഡെങ്കിപ്പനി എന്നാണ്. തൃശ്ശൂരിൽ ഒരൊറ്റ ആൾ പോലും മരിച്ചിട്ടില്ല. പക്ഷേ രണ്ടാഴ്ചയ്ക്കു മുമ്പ് അവിടെ രണ്ടു പേർ പനി മൂലം മരിച്ചു എന്നു പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ആരോഗ്യ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാരും ആരോഗ്യ വകുപ്പു സെക്രട്ടറി, ആരോഗ്യ വകുപ്പു ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, അവരൊക്കെ നിരന്തരമായ പ്രവർത്തനത്തിലാണ്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്റ്റാഫും ഡയറക്ടർ ഓഫ് ഹെൽത്തു സർവ്വീസ്സിലെ മുഴുവൻപേരും പ്രവർത്തനത്തിലാണ്. അവരൊക്കെ ആശുപത്രികൾ സന്ദർശിക്കുന്നുണ്ട്. എല്ലാ ഡോക്ടർമാരും ആശുപത്രിയിൽ എത്തുകയാണ്. ഗവൺമെന്റ് പണം നൽകിയിട്ടുണ്ട്, ആ പണം ആശുപത്രികളിൽ എത്തിയിട്ടുണ്ട്. വിശദമായ കണക്ക് ഞാൻ പറയാം. തിരുവനന്തപുരം. തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലാണ് ഈ രോഗം കൂടുതലായി ഉണ്ടായിട്ടുള്ളത്. തൃശൂരിൽ ആരും മരിച്ചിട്ടില്ല. തീരെ മരണമില്ലാത്തത് വയനാട്, കാസർകോട്, തൃശൂർ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലാണ്. എലിപ്പനി മൂലം ആളുകൾ മരിച്ചിട്ടുണ്ടാകും,

LIBRARY ARCHIVES Kerala Legislative Assembly

ഡെങ്കിപ്പനിയെപ്പറ്റിയുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഞാൻ ഡെങ്കിപ്പനിയിൽ കൂടുതൽ ഫോക്കസ് ചെയ്തുകൊണ്ടാണ് സംസാരിക്കുന്നത്. മറ്റു പനികളിൽക്കൂടി ആളുകൾ മരിച്ചിട്ടില്ല എന്നു ഞാൻ പറയുന്നില്ല. പ്രൈമറി ഹെൽത്തു സെന്റർ മുതൽ ജില്ലാ ആശുപത്രി വരെ ഡോക്ടർമാർ സൂസജ്ജമായി പ്രവർത്തിക്കുകയാണ്. ഏതെങ്കിലും ആശുപത്രിയിൽ ഡോക്ടർമാർ ഇല്ലെങ്കിൽ ജില്ലാ ആശുപത്രിയിൽ നിന്നോ താലൂക്കാശുപത്രിയിൽ നിന്നോ ഡോക്ടർമാരെ എത്തിക്കുന്നതാണ്. 348 ഡോക്ടർമാർ വിവിധ കാലഘട്ടങ്ങളിലായി അവധിയിലാണ്. അതിൽ 50 പേർ തിരിച്ചു വന്നിട്ടുണ്ട്. 200 ആളുകൾക്ക് ad-hoc basis-ൽ കൊടുത്തു, അതിൽ 26 പേർ വന്നു. അവർക്കു അപ്പോയിന്റുമെന്റ് കൊടുത്തു. 9-6-2003 വരെ 26 പേർ വന്നു. ഇപ്പോൾ ആകെ 232 വേക്കൻസികൾ ഉണ്ട്. അതിൽ 139 പേരെ വീണ്ടും നിയമിച്ചു. അവർ അഡ്ഹോക്ക് സിസ്റ്റം പ്രകാരം ജോലി ചെയ്യുകയാണ്. വളരെ കർശനമായ നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് ഡോക്ടർമാർക്ക് ലീവു കൊടുക്കുന്നില്ല. മെഡിക്കൽ കോളേജിലും ഹെൽത്തുസർവ്വീസിലും ഡോക്ടർമാർക്ക് ലീവുകൊടുക്കുന്നില്ല. കിട്ടാവുന്ന ഡോക്ടർമാരെ എവിടെയൊക്കെ നിയമിക്കാൻ സാധിക്കുമോ അവിടെയൊക്കെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഡോക്ടർമാരെ വിളിച്ചു കൊണ്ടുവന്നു നിയമനം കൊടുക്കുകയാണ്. ഇതിന്റെ ഗൗരവം അത്രയ്ക്ക് ഭയങ്കരമായി മനസ്സിലാക്കുന്നുണ്ട്. ഞാൻ ഇപ്രാവശ്യം ആശുപത്രികൾ കൂടുതലായി സന്ദർശിച്ചില്ല. അതു എന്റെ ആരോഗ്യത്തെ കരുതി തന്നെയാണ്. കഴിഞ്ഞ പ്രാവശ്യം ക്യാബിനറ്റ് സമ്മേളിക്കുന്ന അവസരത്തിൽ വലിയതുറയിൽ പ്രശ്നമുണ്ടായി. അവിടെ കോളറയാണെന്ന് അറിഞ്ഞു. ആരോഗ്യ വകുപ്പു സെക്രട്ടറിയേയും ഡയറക്ടറേയും എല്ലാം കൂട്ടി ഉടനെ തന്നെ അവിടെ പോയി, എല്ലാ വാർഡുകളിലും പോയി, മുഴുവൻ പേർക്കും മരുന്നുകളും എത്തിച്ചു. എല്ലാം ചെയ്തിട്ടു തിരിച്ചു പോരുന്ന വഴിക്ക് ഒരാൾ എന്റെ കാറിനെ തടഞ്ഞു നിർത്തി, എന്റെ കൂടെയുണ്ടായിരുന്ന ആൾ അയാളെ പിടിച്ചു മാറ്റി, രോഗികൾ എന്റെ മുന്നിൽ വന്നു നിന്നു, ഞാൻ നിങ്ങളുടെ പ്രശ്നങ്ങളെല്ലാം എന്നോടു പറയുക, രണ്ടു മണിക്കൂറിനുള്ളിൽ അവയ്ക്കെല്ലാം പരിഹാരമുണ്ടാക്കുന്നതായിരിക്കും എന്നുപറഞ്ഞു. രണ്ടുമണിക്കൂറിനുള്ളിൽ അവരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു. പക്ഷേ പിറ്റേന്നു പത്രത്തിൽ വാർത്ത വന്നത് മന്ത്രിയെ വഴിയിൽ തടഞ്ഞു എന്നാണ്. ഇപ്പോൾ ആശുപത്രിയിൽ പോയില്ല. തിരുവനന്തപുരത്തെ നഗരപ്രദേശങ്ങളിൽ എവിടെയൊക്കെയാണ് വെള്ളം കെട്ടി നിൽക്കുന്നത്, എവിടെയൊക്കെയാണ് പ്രശ്നങ്ങൾ ഉള്ളത്, അവിടെയൊക്കെ പോയി. ആരോഗ്യ വകുപ്പു സെക്രട്ടറിയേയും, ഡി.എച്ച്.എസ്.-നേയും തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറിയേയും കൂട്ടി എല്ലായിടത്തും പോയി. വേറെ- ആരേയും കൂട്ടിയില്ല. ഇതുസംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. ഒന്നു രണ്ടു ദിവസം ഞാൻ കാത്തിരുന്നു. ഒരു ഫലവുമുണ്ടായില്ല. പിറ്റേ ദിവസം യോഗം ചേർന്നപ്പോൾ ഞാൻ പറഞ്ഞു, അങ്ങ് ഒരു കാര്യം ചെയ്യണം അങ്ങയുടെ വകുപ്പിലുള്ള ആളുകൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടില്ല. അപ്പോൾ തന്നെ അദ്ദേഹം കണ്ണിമേറ മാർക്കറ്റിൽ ആളെ പറഞ്ഞു വിട്ടു. മാർക്കറ്റിലെ മുഴുവൻ മാലിന്യങ്ങളും മാറ്റി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അങ്ങു പറഞ്ഞത് ശരിയാണ്. വൃത്തിഹീനമായ സ്ഥലങ്ങളിൽ നിന്നാണ് രോഗമുണ്ടാകുന്നത്. കണ്ണൂർ ജില്ലയിൽ കൊട്ടിയൂർ ഉത്സവവുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെ ഭക്തജനങ്ങൾ ധാരാളമായി വരികയും അവിടെയുണ്ടായിരുന്ന മാലിന്യങ്ങൾ മാറ്റുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തതിനെതുടർന്നാണ് അവിടെ രോഗമുണ്ടായത്. വൃത്തിഹീനങ്ങളായ പ്രദേശങ്ങൾ നോക്കുന്ന അവസരങ്ങളിൽ ഇത്തരം ക്ഷേത്രങ്ങളിൽക്കൂടി ശ്രദ്ധ പതിപ്പിച്ചാൽ അതു വളരെ ഉപകാരപ്രദമായിരിക്കും. തിരുവനന്തപുരത്തു പോയ സന്ദർഭത്തിൽ കൊട്ടിയൂരിലും കൂടി ഒന്നുപോകണമായിരുന്നു.

ശ്രീ പി. ശങ്കരൻ : ഞാൻ കോഴിക്കോടും തിരുവനന്തപുരത്തും കൊയിലാണ്ടിയിലും പോയിരുന്നു. എല്ലായിടത്തും പോകാൻ എനിക്കു കഴിഞ്ഞില്ല. കൊട്ടിയൂരിൽ അടുത്തു തന്നെ ഞാൻ പോകുന്നുണ്ട്. ഞാൻ ക്ഷേത്രങ്ങളിൽ സ്ഥിരമായി പോകാറുള്ള ആളാണ്. മലിനമായ പരിസരവും പെരുകുന്ന രോഗാണുക്കളുമാണ് പകർച്ചവ്യാധികൾക്കു കാരണം. പാരിസ്ഥിതിക പ്രശ്നങ്ങൾ വലിയ ഒരളവോളം ഇതിനു കാരണമായി ഭവിക്കുന്നുണ്ട്. ഖര മാലിന്യ നിർമ്മാർജ്ജനം, മെച്ചപ്പെട്ട ജലസംഭരണ ഉപാധികൾ, പ്ളാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം എന്നിവവഴി രോഗം പകരുന്നതു തടയുവാൻ കഴിയും. കെട്ടിനിൽക്കുന്ന വെള്ളത്തിൽ ഉപ്പു വാരിവിതറിയും ഒരു പരിധിവരെ കൊതുകുകളെ അകറ്റാൻ നമുക്കു കഴിയും. കടലിലെ വെള്ളത്തിൽ കൊതുകുകൾ ഇല്ല. ഇത് അങ്ങനെ ആർക്കും മനസ്സിലാകാത്ത ഒരു കാര്യമാണ്. തിരുവനന്തപുരം കോർപ്പറേഷനിലെ 22 വാർഡുകളിൽ, പാവപ്പെട്ട ആളുകളുടെ വീടുകളിൽ ലീവെടുത്തു ആയുർവേദ വകുപ്പിലെ ഡോക്ടർമാരും ആയുർവേദ മെഡിക്കൽ കോളേജിലെ കുട്ടികളും പോയി. അവർ മരുന്ന് കത്തിച്ചു മണപ്പിച്ച് കൊതുകുകളെ അകറ്റുന്ന ആയുർവേദ മരുന്നുകളുടെ കിറ്റുകൾ കൊടുത്തു. അതിനുംപുറമെ പ്രത്യേകമായി ആയുർവേദ മരുന്നുകളും കൊടുത്തു. ആ മരുന്നു കഴിച്ചാൽ രോഗ പ്രതിരോധ ശക്തി വീണ്ടെടുക്കാൻ സാധിക്കുമെന്നാണ് പറയുന്നത്. പിന്നെ ഈ സംസ്ഥാനത്തെ മൂന്നു മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള പരിശോധനകൾ നടത്തി. അതുപോലെ ഹോമിയോ ഡിപ്പാർട്ടുമെന്റും ഹോമിയോ മരുന്നുകൾ വിതരണം ചെയ്തു. അങ്ങനെ സ്ഥിതി വിവരകണക്കുകളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. ഇതൊക്കയുണ്ടായിരുന്നിട്ടും Health Index of Kerala is similar to that of U.S.A. ഇന്നലെ റിപ്പോർട്ടുകൾ വന്നിരിക്കുകയാണ്. ഇതൊക്കെ ഉണ്ടായിരുന്നിട്ടും യു.എൻ. ഹെൽത്തു ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായ പ്രകടനം വന്നു. യു.എസ്.എ.-യിലെ വാർഷിക വരുമാനത്തിന്റെ 99 ശതമാനം കുറവാണ് നമ്മുടേത്. "3 people die of mystery fever in AP" ഇന്നലെ ഹിന്ദു പത്രം റിപ്പോർട്ടു ചെയ്തിരിക്കുന്നു ആന്ധ്രാപ്രദേശിലെ ഡെങ്കിപ്പനിയെ സംബന്ധിച്ചാണ്. അവിടത്തെ ഒരു സ്കൂളിലെ കുട്ടികളിൽ 70 ശതമാനത്തിനും പനി പിടിച്ചു ഇത് കേരളത്തിൽ മാത്രമുള്ള ഒരു പ്രതിഭാസമല്ല. എന്നുപറഞ്ഞ് ഇതിന്റെ ഗൗരവം കുറച്ചുകാണുന്നില്ല. പണം കൊടുത്തതിനെ കുറിച്ച് പറയാം. തിരുവനന്തപുരം ജില്ലയിൽ 19 ലക്ഷം രൂപ കൊടുത്തു, കൊല്ലത്ത് 17 ലക്ഷം രൂപ അങ്ങനെ എല്ലാ ജില്ലകളിലും കൂടി 255 ലക്ഷം രൂപ കൊടുത്തു. ആലപ്പുഴയിൽ 20 ലക്ഷം രൂപ ചെലവാക്കി. 209 ലക്ഷം രൂപ ഹെൽത്ത് സർവ്വീസിന്റേത് മാത്രമാണ്. മെഡിക്കൽ കോളേജുകൾക്ക് കൊടുത്ത 10 ലക്ഷം രൂപ വേറെ. അതുപോലെ 164 കിറ്റുകൾ ആശുപത്രികൾക്ക് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

13 കിറ്റുകൾ മുതൽ 31 കിറ്റുകൾ വരെ ഓരോ ആശുപത്രികൾക്കും കൊടുത്തിട്ടുണ്ട്, തൃശ്ശൂർ ജില്ലയിൽ 31 കിറ്റാണ് കൊടുത്തത്. ഒരു കിറ്റിന് 16,000 രൂപയാണ് ചെലവ്. ഒരു കിറ്റുകൊണ്ട് 96 ടെസ്റ്റ് നടത്താം. അതുപോലെ മെഡിക്കൽ ക്യാംപുകൾ. ആരോഗ്യ വകുപ്പു മാത്രം സംഘടിപ്പിച്ചത് 337 മെഡിക്കൽ ക്യാംപുകളാണ്. അതേസമയം ഹോമിയോപ്പതി വകുപ്പ് സംഘടിപ്പിച്ചത് 578-ഓ മറ്റോആണ്. അതുപോലെ ആയുർവേദ വകുപ്പും ക്യാപുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ട്രഷറി ബാനിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 190 ലക്ഷം രൂപ റിലീസ് ചെയ്യാനുള്ള നടപടി സ്വീകരിച്ചു. ഇതിനൊക്കെപ്പുറമെ routine drugs supply പ്രകാരം 17 കോടി രൂപയ്ക്കുള്ള മരുന്ന് റിലീസ് ചെയ്യാൻ വേണ്ടി ഉത്തരവ് പ്രഖ്യാപിച്ചു. ഇപ്പോൾ ട്രഷറിബാനില്ല എന്ന് ധനകാര്യവകുപ്പു മന്ത്രി എന്നോട് പറയുന്നു. നിങ്ങൾ കേൾക്കാൻ വേണ്ടിയാണ് അദ്ദേഹം എന്നോട് പറയുന്നത്. ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും epidemic cell ഉണ്ടാക്കി രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സമയാസമയങ്ങളിൽ തന്നെ നിർദ്ദേശങ്ങൾ നൽകിവരുകയുമാണ്. അതുപോലെ rapid response scheme പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള തലങ്ങളിൽ വ്യാപിപ്പിച്ചു കഴിഞ്ഞു. ഇപ്പോൾ ജില്ലാ ആശുപത്രിയിലുണ്ട്, താലൂക്കാശുപത്രിയിലുണ്ട്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലുണ്ട്, പ്രൈമറി ഹെൽത്ത് സെന്ററുകളിലുമുണ്ട്. സംസ്ഥാന തലത്തിൽ ഹെൽത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ്, ഓരോ ദിവസവും നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയാണ്. കളക്ടർ ചെയർമാനായിട്ട് പകർച്ചവ്യാധി നിയന്ത്രണ കമ്മിറ്റി എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നുണ്ട്. രോഗബാധിത സ്ഥലങ്ങളിൽ fogging അതുപോലെ തന്നെ larvisidal ജോലി, source reduction എന്നിവയും ആരോഗ്യ വകുപ്പു ജീവനക്കാർ നടത്തി വരികയാണ്. ശ്രീചിത്രാ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നും ചികിൽസയുടെ ആവശ്യാനുസരണം രക്തവും platelet-ഉം frozen plasma-യും ലഭിക്കാനുള്ള സംവിധാനങ്ങളേർപ്പെടുത്തി. ആരോഗ്യബോധവൽക്കരണ പോസ്റ്ററുകളും നോട്ടീസുകളുമൊക്കെ അച്ചടിച്ച് സംസ്ഥാനത്തുടനീളം വിതരണം ചെയ്തു. L.I.D.C., N.A.M.P. തുടങ്ങിയ വിദഗ്ദ്ധ സംഘം എറണാകുളം, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകൾ സന്ദർശിക്കുകയും നിയന്ത്രണ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. അതുപോലെത്തന്നെ I.C.M.R.-ലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ലളിതാ കപിലൻ ആശുപത്രി സന്ദർശിച്ച് പഠനം നടത്തി ചികിൽസാ സംവിധാനത്തിൽ അവരും തൃപ്തി രേഖപ്പെടുത്തുകയാണുണ്ടായത് ആന്റി മലേറിയ പ്രോഗ്രാമനുസരിച്ച് ഇവിടെ ഒരു നിർദ്ദേശം വന്നു കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭിക്കുന്നത് 50 ശതമാനമാണ് ഇത് 100 ശതമാനമാക്കി കഴിഞ്ഞാൽ ഈ ഫണ്ടുപയോഗിച്ച് കൊതുക് നിവാരണം സാദ്ധ്യമാകുമെന്നാണ്. വളരെ ന്യായയുക്തമായ ഒരു അഭിപ്രായ പ്രകടനമാണ് നടത്തിയിരിക്കുന്നത്. ഇപ്പോൾ മലേറിയ പ്രോഗ്രാമിന് മാത്രമേ ഫണ്ടുപയോഗിക്കാൻ സാധിക്കുന്നുള്ളു. 100 ശതമാനമാക്കി കേന്ദ്ര ഗവൺമെന്റ് ഫണ്ട് തരികയാണെങ്കിൽ പൂർണ്ണമായി ഇത്തരം പകർച്ചവ്യാധികൾക്കെല്ലാം അതുപയോഗിക്കാൻ സാധിക്കുമെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇനി ബഹുമാനപ്പെട്ട മെമ്പർമാർ ഓരോരുത്തരായി പറഞ്ഞ കാര്യങ്ങൾക്കും മറുപടി പറയാൻ പ്രയാസമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതൊക്കെ ആദ്യം പറയണമായിരുന്നു, ഇനി അതിനൊന്നും സമയമില്ല.

ശ്രീ. പി. ശങ്കരൻ : ഇന്ന് കാബിനറ്റ് യോഗം വച്ചിട്ടുണ്ട്. ഇതിൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് ഇന്ന് തീരുമാനിക്കും. ഇനിയും ഗവൺമെന്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്. നാളെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ, മെഡിക്കൽകോളേജ് പ്രിൻസിപ്പാൾമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കുന്ന ഒരു യോഗം ചേരുകയാണ്. ഓരോ ജില്ലയിലേയും സ്ഥിതിഗതികൾ വിലയിരുത്തും, അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലെ മുഴുവൻ ഡോക്ടർമാരും നാളെ മുതൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 5 മണിവരെ ആശുപത്രിയിലുണ്ടായിരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് കർശനമായി നടപ്പിലാക്കും. മെഡിക്കൽ കോളേജിലെ മുഴുവൻ ഡോക്ടർമാരും രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ ആശുപത്രിയിലുണ്ടാകണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിനുപുറമെ internship പൂർത്തിയാക്കി പുറത്തുപോയ ഹൗസ്സർജൻ മാരെ തിരികെവിളിച്ച് ജൂലൈ 31-ാം തീയതിവരെ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ഡോക്ടർമാരോ മരുന്നോ ചികിൽസയോ ഇല്ലാതെ ഒരു രോഗിപോലും മരിക്കാനുള്ള സാഹചര്യം കേരളത്തിലുണ്ടാകില്ല. പനി പടർന്നുപിടിക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം ആവശ്യമാണ്. ആ കാര്യത്തിൽ എം.എൽ.എ. ഒന്നും ആരും വിളിക്കേണ്ട ആവശ്യമില്ല. നമ്മളെ ഒഴിവാക്കിക്കൊണ്ട് ആർക്കും ഒന്നും ചെയ്യാൻ പറ്റില്ല. എന്റെയടുത്ത് ധാരാളം എം.എൽ.എ മാർ വരുന്നുണ്ട് ഉടനെതന്നെ speaking orders കൊടുക്കുകയാണ്. എല്ലാ കാര്യങ്ങളിലും എം.എൽ.എ. മാർ പണം വേണമെന്ന് പറഞ്ഞാൽ അപ്പോൾ പ്രത്യേക സാംഗ്ഷനാണ് കൊടുക്കുന്നത്. പണം കിട്ടിയില്ലെങ്കിൽ കിട്ടിക്കാനുള്ള ഏർപ്പാട് ചെയ്യും. പ്രതിപക്ഷത്തുള്ള രണ്ട് എം.എൽ.എ മാർക്ക് ഇന്നും എഴുതി കൊടുത്തു. ഏതെങ്കിലും എം.എൽ.എ. മാർ ഏതെങ്കിലും പ്രൈമറി ഹെൽത്ത് സെന്ററിൽ പണമില്ലെന്നറിയിച്ചാൽ, പ്രത്യേക തുക അനുവദിക്കണമെന്ന് പറഞ്ഞാൽ അവർക്ക് പ്രത്യേകമായ തുക അനുവദിച്ച് സ്പീക്കിംഗ് ഓർഡർ ഇഷ്യു ചെയ്ത് ഡിഎച്ച്എസ്-നോട് പറഞ്ഞ് ഉടനെ അവർക്ക് പണം കൊടുപ്പിക്കാനുള്ള ഏർപ്പാട് ചെയ്യും. അങ്ങനെ എല്ലാതലത്തിലും എല്ലാപേരുടേയും സഹകരണത്തോടുകൂടി മുന്നോട്ടു പോകുകയാണ് പ്രതിപക്ഷത്തിന്റെയും പൂർണ്ണമായ സഹകരണമുണ്ടെന്നുള്ളതു തന്നെയാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ നിഴലിച്ചത്. ഞാൻ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് അദ്ദേഹം ബോധവാനാണ്. അതുപോലെ പ്രതിപക്ഷാംഗങ്ങളും ബോധവാൻമാരാണ്. വളരെ ആത്മാർത്ഥതയോടും, സത്യസന്ധമായും കൃത്യതയോടും കൂടിയാണ് ഞാൻ എന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നത്. മന്ത്രിയെന്ന നിലയ്ക്ക് ഞാൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണമെന്ന ബോധമുണ്ട്. അതുകൊണ്ടാണ് പലപ്പോഴും സഭയുടെ പുറത്തുപോയി ചില നിർദ്ദേശങ്ങൾ കൊടുക്കാറുണ്ട്. ഇന്ന് രാവിലെ രണ്ടുതവണ യോഗം ചേർന്നു. വളരെ ഭംഗിയായി കാര്യങ്ങൾ നടത്തിക്കൊണ്ട് പോകുകയാണ്. എനിക്കൊരു അഭ്യർത്ഥനയേയുള്ളൂ എന്തെങ്കിലും കുറ്റങ്ങളോ കുറവുകളോ, പോരായ്മകളോ ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അപ്പോഴപ്പോൾ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും, പ്രതിപക്ഷാംഗങ്ങളോടും എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കാനുള്ളത് പരിപൂർണ്ണമായ സഹകരണമുണ്ടാകണം. എം.എൽ.എ-മാരുടെ നിയോജകമണ്ഡലങ്ങളിൽ എന്തെങ്കിലും പോരായ്മകളോ, കുറ്റങ്ങളോ കുറവുകളോ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ എന്നു നടപടിയെടുക്കണമെന്ന് നിങ്ങൾ നിർദ്ദേശിച്ചാൽ മതി ആ നടപടിയെടുക്കുമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. ഈ കാര്യത്തിൽ സഭയ്ക്കുള്ള ആശങ്കയിൽ ഞാനും പങ്കു ചേരുന്നു. എല്ലാപേർക്കും നന്ദി, നമസ്ക്കാരം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ജനങ്ങൾക്കെല്ലാം ആശങ്കയും പരിഭ്രാന്തിയുമുണ്ടാക്കിയ ഡെങ്കിപ്പനിയുടെ പ്രതിരോധത്തിനുള്ള നടപടികളെ കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഇതുപോലൊരു ചർച്ചയ്ക്ക് അവസരം നൽകിയ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാൻ പ്രത്യേകമായി നന്ദിരേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം അപ്പുറത്തും ഇപ്പുറത്തുമുള്ള മെംപർമാർ ഈ രോഗത്തെത്തടയുന്നതിനുള്ള പ്രായോഗികമായ ഒരുപാട് നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. അതോടൊപ്പംതന്നെ ഇപ്പോഴും രോഗം നിയന്ത്രണവിധേയമല്ലാത്തതുമൂലം പലയിടത്തും രോഗം പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്കുള്ള ആശങ്കയെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്ത എല്ലാപേരും സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങളും ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. ആരോഗ്യ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും, റൂറൽ ഡെവലപ്മെന്റ് വകുപ്പും മാത്രമല്ല ഗവൺമെന്റിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളും ഒറ്റക്കെട്ടായി പ്രവർത്തിക്കാനുള്ള പരിപാടികൾ തയ്യാറാക്കും. നാളെ ജില്ലാ കളക്ടർമാരുടെ യോഗം ഇതിനുവേണ്ടി മാത്രം വിളിച്ചിരിക്കുകയാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥർ മാത്രമല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ.ജി.ഒ. സംഘടനകൾ മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളി പ്രസ്ഥാനങ്ങൾ അങ്ങനെ കേരളത്തിലെ പൊതുരംഗത്ത് പ്രവർത്തിക്കുന്ന ഔദ്യോഗികവും അനൗദ്യോഗികവുമായ എല്ലാ ഏജൻസികളുടേയും, പ്രസ്ഥാനങ്ങളുടേയും സഹായത്തോടുകൂടി യുദ്ധകാലാടിസ്ഥാനത്തിൽ ഈ സംസ്ഥാനത്ത് നേരിട്ടിരിക്കുന്ന വലിയ വിപത്തിനെതിരെ ഒന്നടങ്കം യുദ്ധംചെയ്ത് ഈ വിപത്തിനെ പരാജയപ്പെടുത്തുവാനുള്ള നീക്കങ്ങൾ നടത്തും. ഇന്നിവിടെ ഉയർന്നുവന്ന എല്ലാ നിർദ്ദേശങ്ങളും ചർച്ച ചെയ്തും അതിന്റെയടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ നാളെ എടുക്കും. അതുകഴിഞ്ഞ് നമുക്കൊരുമിച്ച് പ്രവർത്തിക്കാം. ഈ കാര്യത്തിൽ എല്ലാ ചിന്തകളും മാറ്റിവച്ചുകൊണ്ട് കക്ഷി രാഷ്ട്രീയ, ജാതി മത തീരുമാനങ്ങൾക്കതീതമായി ഒറ്റക്കെട്ടായി, സംയുക്തമായി ഏതാനും ദിവസങ്ങൾക്കകം രോഗം പരിപൂർണ്ണമായും നിയന്ത്രണവിധേയമാക്കാൻ നമുക്ക് സാധിക്കണം. അതിനെന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് നിങ്ങൾ പറഞ്ഞ നിർദ്ദേശങ്ങൾ നാളെ ചർച്ച ചെയ്യാം. ഇവിടെ നിർദ്ദേശങ്ങൾ ഉന്നയിച്ച എല്ലാ അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു. നിങ്ങൾ പറഞ്ഞ ഓരോ നിർദ്ദേശങ്ങളും പൂർണ്ണ ഗൗരവത്തിലെടുക്കുന്നു എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. എല്ലാ കാര്യങ്ങളും നാളെ ആലോചിക്കാം.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലൈ മാസം 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.40-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly